# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മേയ് 30 | ദീപം 57 | നാളം 12 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ജയിക്കാനോ തോൽക്കാനോ അല്ല ജീവിതം ജീവിക്കാനുള്ളതാണ്




ഫാ. വർഗീസ് ഇഞ്ഞിത്തറ


പരീക്ഷയ്ക്കു മാർക്കു കുറഞ്ഞതിന്റെ പേരിലും, ആഗ്രഹിച്ചതു നേടിയെടുക്കാൻ കഴിയാത്തതിന്റെ പേരിലുമൊക്കെ യുവതീയുവാക്കൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ മാധ്യമറിപ്പോർട്ടുകളിൽ ശ്രദ്ധിക്കാനിടയായി. വിടർന്നുവിളങ്ങേണ്ട പല പുഷ്പങ്ങളും അകാലത്തിലേ പൊഴിയുന്നതു കാണുന്നത് അത്യന്തം വേദനാജനകമാണ്. അതു പ്രകൃതിനിയമത്തിനെതിരാണ്. സർവോപരി ദൈവത്തിന്റെ അനന്തപദ്ധതിക്ക് എതിരാണ്.

ഈലോകജീവിതം നാം ആഗ്രഹിക്കുന്ന രീതിയിൽ സുഗമമായി പോകണമെന്നു നിർബന്ധമില്ല. പ്രതികൂലങ്ങളായ പലതും അപ്രതീക്ഷിതമായ അതിഥിയായി നമ്മുടെ ജീവിതങ്ങളിലേക്കും കുടുംബങ്ങളിലേക്കും കടന്നുവന്ന് സന്തോഷങ്ങൾ കെടുത്തിയെന്നു വരാം. അത് ഒരുപക്ഷേ, രോഗമായിട്ടായിരിക്കാം, ചിലപ്പോൾ മരണമായിട്ടായിരിക്കാം, അല്ലെങ്കിൽ അപ്രതീക്ഷിതപരാജയമായിട്ടായിരിക്കാം... തീർച്ചയായും, അതൊക്കെ നമ്മുടെ മനസ്സിന്റെ താളം കെടുത്താൻമാത്രം പ്രഹരശേഷിയുള്ള തകർച്ചകളാണ്. എന്നിരുന്നാലും, ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ അതൊന്നും ഒരു കാരണമായിത്തീരരുത്. ഒരു തകർച്ചയും ജീവിതം ഇല്ലാതാക്കിക്കളയാൻ ഇടനൽകരുത്. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല.



നമ്മുടെ ഉള്ളിലെ ദീപം ഒരിക്കലും അണയാനുള്ളതല്ല; ദൈവം ദാനമായിത്തന്ന ജീവന്റെ ദീപനാളം കത്തിനിൽക്കാനുള്ളതാണ്. ചെറുതാണെന്നു തോന്നിയാലും ആ ദീപം അനേകരുടെ ഉള്ളിലെ അന്ധകാരം അകറ്റാനായി ദൈവം സൃഷ്ടിച്ചതാണ്. എന്നിലെ ദീപം അണയാതിരിക്കാനായി എനിക്ക് എന്തു ചെയ്യാൻ കഴിയും?

2011 ഓഗസ്റ്റ് 18-21 തീയതികളിൽ സ്പെയിനിലെ 'മാഡ്രിഡിൽ നടന്ന ലോകയുവജന സമ്മേളനത്തിൽ പുണ്യസ്മരണാർഹനായ ബെനഡിക്ട് പതിനാറാമൻപാപ്പ പറഞ്ഞത് ഇപ്രകാരമായിരുന്നു: ''നമ്മളാരും പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ ജനിച്ചവരല്ല പിന്നെയോ, ദൈവസ്നേഹത്താൽ അവിടുത്തെ പ്രത്യേക പദ്ധതിയനുസരിച്ച് ഈ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. നമ്മൾത്തന്നെ ഇവിടെ വേണമെന്നാഗ്രഹിച്ച് ദൈവസ്നേഹപദ്ധതിയാൽ പ്രത്യേകം രൂപപ്പെട്ടവരുമാണ്. നാമോരോരുത്തരും ദൈവത്തിന്റെ ചിന്തയുടെ ഫലമാണ്. നാമോരോരുത്തരും ദൈവം തിരുമനസ്സായതാണ്, നാമോരോരുത്തരും ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ്, നാമോരോരുത്തരും ഒരു ആവശ്യമാണ്.'' തിരുവചനം പഠിപ്പിക്കുന്നു: ''കർത്താവ് ഓരോന്നിനെയും നിശ്ചിത ലക്ഷ്യത്തോടെ സൃഷ്ടിച്ചു'' (സുഭാഷിതങ്ങൾ 16:4). അതായത്, കർത്താവിന് ഒരാളെക്കൊണ്ട് ഒരു ഉദ്ദേശ്യമുണ്ട് എന്നുതന്നെയാണ്. പലരും മനസ്സിലാക്കാൻ വൈകുന്ന ഒരു സത്യമുണ്ട്. അത് സ്രഷ്ടാവായ ദൈവത്തിന് ഓരോരുത്തരെയുംകുറിച്ച് ഒരു വലിയ പദ്ധതിയുണ്ട് എന്നുള്ളതാണ്. ജെറെമിയായുടെ പ്രവചനത്തിൽ ദൈവം വ്യക്തമായി പഠിപ്പിക്കുന്നുണ്ട് ഈ പരമമായ സത്യം. ''കർത്താവ് അരുൾ ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി'' (ജെറെ. 29:11).


▶ 8




# ഇത് ചാറ്റ് ജിപിറ്റിയോ മറുതലിക്കുന്ന മനുഷ്യബുദ്ധിയോ?




വൈക്കം സുനീഷ് ആചാര്യ


ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ കൃത്രിമബുദ്ധിയെ ലോകം ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഉന്നതസാങ്കേതികവിദ്യയായ കൃത്രിമബുദ്ധി പൊതുജനങ്ങളിലെത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഓപ്പൺ എ ഐ (open AI) എന്ന സാങ്കേതിക്കൂട്ടായ്മയാണ്. AI സമൂഹത്തിൽ ഏതെല്ലാം മേഖലകളിൽ വ്യാപരിക്കും? മനുഷ്യരുടെ തൊഴിലവസരങ്ങൾ കുറയ്ക്കുമോ? വിദ്യാഭ്യാസമേഖല, ശാസ്ത്രസാങ്കേതികമേഖല, കലാസാഹിത്യരംഗം, ആരോഗ്യരംഗം എന്നീ മേഖലകളെ എങ്ങനെ സ്വാധീനിക്കും? മനുഷ്യർക്കുസമാനമായ ക്രിയാത്മകതയും ഭാവനയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിനുണ്ടാകുമോ?

ഓപ്പൺ എ ഐ എന്ന സാങ്കേതികക്കൂട്ടായ്മ (Consortium) അവതരിപ്പിച്ച GP 3 ക്കു (Generative Pre trained Transformer) ശേഷം ഉടനെ പ്രാവർത്തികമാക്കാൻ പോകുന്ന GP 4 ന്റെ വരവിനെ 'നാലാം വ്യവസായവിപ്ലവം' എന്നാണു വിശേഷിപ്പിക്കുന്നത്. മനുഷ്യരെ മറ്റു ജീവികളിൽനിന്നു വ്യത്യസ്തരാക്കുന്നത് ഭാഷയുടെ ഉപയോഗമാണ്. അങ്ങനെയുള്ള ഭാഷയുടെ ഉപയോഗത്തിലും വിദ്യാഭ്യാസരംഗത്തുമാണ് സമൂലമായ മാറ്റങ്ങൾ വരാൻ പോകുന്നത്. ഭാഷകൾ തർജമചെയ്യുക, ഉപന്യാസം രചിക്കുക, ചിത്രരചനകൾ നടത്തുക, വിഷയം ചുരുക്കിയെഴുതുക, പ്രബന്ധം തയ്യാറാക്കുക തുടങ്ങി വിവിധ ജോലികൾ ഭംഗിയായി നിർവഹിക്കാൻ GP 4 നു കഴിയും.

ഓപ്പൺ എ ഐ പുറത്തിറക്കിയ ചാറ്റ്ബോട്ട് (ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന സങ്കേതം) മനുഷ്യരുടെ ഏതു ചോദ്യത്തിനും ഉത്തരം നൽകും. ഉചിതമായ പ്രോംപ്റ്റ് (സാങ്കേതികനിർദേശം) നൽകിയാൽ കൃത്യതയുള്ള ഉത്തരങ്ങൾ ലഭിക്കും. ഇത്തരം പ്രോംപ്റ്റുകൾ നൽകുന്നതിനുള്ള പരിശീലനവും ലഭ്യമാകും. സാങ്കേതികവിദ്യകളുമായി പരിചയമുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്. സെർച്ചിങ് വിദഗ്ധൻ എന്നവകാശപ്പെടുന്ന ഗൂഗിളിനെപ്പോലും അട്ടിമറിക്കാൻ AI ക്കു സാധിക്കും.

കലാസാഹിത്യരംഗത്തും AI ക്കു സ്വാധീനം ചെലുത്താൻ കഴിയും. കവിതകൾ, കഥകൾ നോവലുകൾ തുടങ്ങിയവ രചിക്കാൻ AI ഉപയോഗിക്കാൻ സാധിക്കും. വിവിധഭാഷകളിലെ സാഹിത്യകൃതികൾ സൃഷ്ടിക്കാനും സാഹിത്യനിരൂപണം, സിനിമാനിരൂപണം തുടങ്ങിയ കാര്യങ്ങൾക്കും GP 4 ഉപയോഗപ്പെടുത്താൻ കഴിയും. സമീപകാലത്ത് ജപ്പാനിലെ പരമോന്നത സാഹിത്യപുരസ്കാരം നേടിയ സയൻസ് ഫിക്ഷൻ നോവൽ AI യുടെ പൂർണമായ സഹായത്തോടെയാണു രചിച്ചതെന്ന് എഴുത്തുകാരി പത്രസമ്മേളനത്തിൽ അറിയിക്കുകയുണ്ടായി. റിയീ കുഡൻസിന്റെ 'ടോക്കിയോ റ്റോ ഡോജോ റ്റോ' എന്ന നോവലിനാണ് പുരസ്കാരം ലഭിച്ചത്. ഏതാനും മാസങ്ങൾക്കുമുമ്പ് ചൈനയിലെ കോളജ് പ്രൊഫസർ ഷെൻയാങ് മൂന്നു മണിക്കൂർകൊണ്ട് AI യുടെ സഹായത്തോടെ നോവൽ എഴുതുകയുണ്ടായി. എന്നാൽ, മനുഷ്യരോളം സൃഷ്ടിപരതയും ഭാവനയും ഇക്കാര്യത്തിൽ AI ക്ക് ഇല്ലെന്നുള്ളത് ആശ്വാസകരമാണ്.


▶ 9

# ADMISSION 2024-25

കോളേജ് വെബ്സൈറ്റ് വഴി മാത്രം

**www.stcp.ac.in**

7907364828 / 9446859861 / 04822-212317

# ST THOMAS COLLEGE PALAI

AUTONOMOUS | ESTD. 1950 | RE-ACCREDITED WITH A++ GRADE BY NAAC

**UG (Hons.) Majors**

English Literature with Film Studies | Malayalam | Mathematics | Physics | Chemistry | Botany | Zoology | Economics | Political Science | Sports Management | History with Archaeology & Museology | Commerce with Finance & Taxation | Commerce with Logistics Management [SF] | English Literature with Media Studies [SF] | BCA (AICTE Approved) [SF]

**നാലുവർഷ യു ജി ഓണേഴ്സ് പ്രോഗ്രാമിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

മൂന്നുവർഷം കൊണ്ട് താല്പര്യമുള്ളവർക്ക് ബിരുദം നേടി പുറത്തിറങ്ങാം

നാലാം വർഷത്തിൽ ഓണേഴ്സ് ബിരുദമോ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമോ കരസ്ഥമാക്കാം

ഓണേഴ്സ് ബിരുദം പൂർത്തിയാക്കിയാൽ പിജി പഠനം ഒരു വർഷം മാത്രം

മിടുക്കരായ വിദ്യാർഥികൾക്ക് രണ്ടര വർഷം കൊണ്ട് ബിരുദവും മൂന്നര വർഷം കൊണ്ട് ഓണേഴ്സ് ബിരുദവും കരസ്ഥമാക്കാം

എല്ലാ വിദ്യാർത്ഥികൾക്കും സ്കിൽ ട്രെയിനിങ്ങും പ്ലെയ്സ്മെന്റ് അസിസ്റ്റൻസും

ബിരുദപഠനത്തോടൊപ്പം സിവിൽ സർവീസ് ഉൾപ്പെടെയുള്ള സംസ്ഥാന-ദേശീയതല മത്സര പരീക്ഷകൾക്കായുള്ള പരിശീലനം

**B.Voc Programmes (3 Yrs.)**

Sustainable Agriculture [SF] | Food Processing Technology [SF]

**PG Programmes**

English | Malayalam | Hindi | Mathematics | Statistics | Physics | Chemistry | Botany | Economics | History | Political Science | Commerce | Biotechnology [SF] | Applied Microbiology [SF] | Biostatistics [SF]





# CHAITHANYA TRUST HOSPITAL & M.M.COLLEGE OF MEDICAL SCIENCE

**KOZHA, KURAVILANGAD**

KOTTAYAM - 686633

Ph: 9645090576

9745300576, 9745400576

Web: www.mmcollege.in

Email:cthmmc@gmail.com



പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റികളുടെ 3 വർഷ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

ദളിത് വിഭാഗത്തിൽ പെടുന്നവർക്ക് ഫീസിളവ്

1. Bachelor of Voc. in Medical Laboratory Technology ( B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 year
2. Bachelor of Voc. in Radiology and Medical Imaging Technology ( B.Voc RMIT )
   +2 pass (any group) 3 year
3. Bachelor of Voc. in Operation Theater Technology ( B.Voc OTT )
   +2 pass (any group) 3 year
4. Bachelor of Voc. in Dialysis Technology ( B.Voc DT )
   +2 pass (any group) 3 year



- SSLC കഴിഞ്ഞവർക്ക് നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം. പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യവുമുണ്ട്. അവസാന സെമസ്റ്ററിൽ മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.



916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ഫൈനാൻസിയേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ



# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ദർശനദീപ്തിയാർന്ന ധന്യജീവിതം

**ഭാഗ്യസ്മരണാർഹനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പുരോഹിതനായി അഭിഷിക്തനായിട്ട് 2024 മേയ് 27 ന് 125 വർഷം പൂർത്തിയാകുന്നു. ജൂൺ രണ്ടിന് ചരമശതാബ്ദിയിലേക്കു പ്രവേശിക്കുന്ന വേളയിൽ, ധന്യതയാർന്ന ആ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം**



**സി. ഡോ. തെരേസ് നടുപ്പടവിൽ SABS**

ഭാഗ്യസ്മരണയ്ക്ക് അർഹനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി (1873–1925) പുരോഹിതാഭിഷിക്തനായിട്ട് 125 വർഷം പൂർത്തിയാകുന്ന 2024 മേയ് 27, ചരമശതാബ്ദിയിലേക്കു പ്രവേശിക്കുന്ന 2024 ജൂൺ 2 എന്നീ സുപ്രധാനദിനങ്ങൾ അടുത്തുവരുമ്പോൾ, അജപാലനരംഗത്ത് ഒരു വൈദികനെന്ന നിലയിലും വൈദികമേലധ്യക്ഷനെന്ന നിലയിലും തനിമയാർന്ന വ്യക്തിമുദ്ര പതിപ്പിച്ച പിതാവിനെക്കുറിച്ചുള്ള മഹദ്സ്മരണകൾക്ക് ഉചിതമായ അവസരമാണ്. 'അപ്രാപ്യനും അയോഗ്യനും' എന്നു വിനയപൂർവം ഏറ്റുപറഞ്ഞുകൊണ്ട് ഏല്പിക്കപ്പെട്ട ശ്ലൈഹികാധികാരത്തെ ഫലസമ്പൂർണമാക്കാൻ പ്രയത്നിച്ച പിതാവ്, തന്റെ പൗരോഹിത്യം ജീവിച്ചതെങ്ങനെയെന്ന് അനുസ്മരിക്കുകയാണിവിടെ.

'വിശുദ്ധ കുർബാന വിശുദ്ധജനത്തിനുള്ളതാകുന്നു' എന്ന പരി. കുർബാനയിലെ ഉദ്ഘോഷണം പരി. കുർബാനയുടെ പരികർമികളും സ്വീകർത്താക്കളും വിശുദ്ധരായിരിക്കണമെന്ന് അർഥമാക്കുന്നു. കുഞ്ഞുതോമ്മാച്ചൻ എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന മാർ തോമസ് കുര്യാളശ്ശേരി പിതാവിൽ, പൗരോഹിത്യജീവിതത്തിലേക്കുള്ള വിളി ചെറുപ്പംമുതലേ പ്രകടമായിരുന്നു. വൈദികനായ ചിറ്റപ്പൻ, ബഹു. തോമ്മാച്ചൻ ശാരീരികാസ്വാസ്ഥ്യം നിമിത്തം ഇടവകജോലിയിൽനിന്നു വിരമിച്ച് ചമ്പക്കുളത്തു താമസം തുടങ്ങിയതിനാൽ, ചിറ്റപ്പനോടൊപ്പം സുറിയാനി ഭാഷയിൽ പരി. കുർബാനയിൽ പങ്കെടുക്കാനും അഞ്ചുവയസ്സുമുതൽ ശുശ്രൂഷിസ്ഥാനം ഏറ്റെടുക്കാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. അദ്ദേഹത്തിന് ആനന്ദകരമായിരുന്ന ഈ ശുശ്രൂഷ കുർബാനപ്പട്ടം സ്വീകരിക്കുന്നതുവരെ മുടക്കംകൂടാതെ തുടർന്നു. ആ വിശുദ്ധജീവിതവും പൗരോഹിത്യദർശനങ്ങളും കാലക്രമേണ 'കൊച്ചുപുണ്യവാൻ' എന്നു റോമിലെ പ്രൊപ്പഗാന്തകോളേജിലെ അധികാരികളും സഹപാഠികളും വിളിക്കത്തക്കവിധം ഭക്തിസമന്വിതവും സൽഗുണസമ്പൂർണവുമായിരുന്നു. 1899 മേയ് 27 ന് പൗരോഹിത്യം സ്വീകരിച്ചപ്പോൾ, ദൈവം 'ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ വിളിച്ച്' (ജറെ. 1:5) അദ്ദേഹത്തിൽ നിക്ഷേപിച്ച പൗരോഹിത്യം എന്ന ദാനം കാലസമ്പൂർണതയിൽ തിരുസ്സഭയാൽ അഭിഷേകം ചെയ്യപ്പെട്ടു എന്നേ കരുതേണ്ടതുള്ളു.

വി. കുർബാനയുടെ ഭക്തനായും പരികർമിയായും പ്രചാരകനായും വൈദികധർമം നിർവഹിക്കുന്നതിൽ അദ്ദേഹം മാതൃകയായി. ഞായറാഴ്ചകളിൽ സുവിശേഷഭാഗം വിശദീകരിച്ചുകൊണ്ടു നൽകിയിരുന്ന പ്രസംഗങ്ങൾ ലളിതവും മനോഹരവും ദൈവജനത്തിനു ഹൃദയസ്പർശിയുമായിരുന്നു. മലയാള ബൈബിൾതർജമകളില്ലാതിരുന്ന അക്കാലത്ത്, ലത്തീൻ, സുറിയാനി, ഇംഗ്ലീഷ്, ഇറ്റാലിയൻ ഭാഷകളിലുള്ള സുവിശേഷം വായിക്കാനും വ്യാഖ്യാനിക്കാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. വിശ്വാസികളുടെ ആവശ്യമനുസരിച്ച് പാപസങ്കീർത്തനവേദിയിലിരുന്ന വൈദികൻ, മെത്രാനായശേഷവും പള്ളിവിസീത്ത നടത്തുന്ന അവസരങ്ങളിൽ അനുരഞ്ജനകൂദാശയ്ക്കണഞ്ഞവരെ നിരാശരാക്കിയില്ല. സത്തയും വിശദാംശങ്ങളും തമ്മിൽ വിവേചിച്ചു ശരിയായതു ചെയ്യാൻ അനുഗൃഹീതനായ പിതാവ്, പുനരൈക്യത്തിനു ശ്രമിച്ച യാക്കോബായസഭയിൽനിന്നുള്ള ദാവീദച്ചനും കൂട്ടർക്കുംവേണ്ടി പുതിയ റീത്തിലുള്ള തക്സായും മറ്റും സംഘടിപ്പിച്ചു പുനരൈക്യം സാധിച്ചു. എന്നാൽ, അബദ്ധപഠനങ്ങൾക്കെതിരായുള്ള വിശ്വാസസമർഥനങ്ങൾ നടത്താൻ പ്രാപ്തിയുള്ളവനായി അദ്ദേഹത്തെ ചെറുപ്പംമുതൽ നമുക്കു കാണാൻ കഴിയുന്നു എന്നതിനുദാഹരണമാണ് വൈദികവിദ്യാർഥിയായിരിക്കുമ്പോൾ രചിച്ച 'റോമായാത്ര'യുടെ മൂന്നാംഭാഗത്തെ സത്യവിശ്വാസപ്രബോധനം.

വിവിധ ഭക്താനുഷ്ഠാനങ്ങളിലൂടെയും ഇടയലേഖനങ്ങളിലൂടെയും അദ്ദേഹം വിശ്വാസികളുടെയിടയിൽ അധികമായി പ്രചരിപ്പിക്കാനാഗ്രഹിച്ച സൽകൃത്യം വിശുദ്ധകുർബാനയുടെ ഭക്തിയാണ്. വിശുദ്ധകുർബാനയുടെ ആരാധനാസഖ്യം സ്ഥാപിച്ചും പതിമ്മൂന്നുമണി ആരാധന, നാല്പതുമണി ആരാധന, പരി. കുർബായുടെ വാഴ്വ് തുടങ്ങിയവയ്ക്കു പ്രാധാന്യം കൊടുത്തും ദിവ്യകാരുണ്യഭക്തി പ്രചരിപ്പിച്ചു.




പരി. കുർബാനയോടുള്ള ഭക്തിയാൽ പ്രചോദിതനായി, ചങ്ങനാശ്ശേരിയിൽ അനേകം ഭക്തസഖ്യങ്ങൾ സ്ഥാപിച്ചു. അതേ ഭക്തിയാൽ പ്രേരിതനായി പരിശുദ്ധ കുർബാനയുടെ ആരാധനാസന്ന്യാസിനീസമൂഹവും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യരജതജൂബിലിയാഘോഷങ്ങളുടെ പര്യവസാനമായി നടത്തപ്പെട്ടത് ചങ്ങനാശ്ശേരി ചന്തക്കടവിലുള്ള കുരിശുപള്ളി മുതൽ കത്തീദ്രൽ പള്ളിവരെയുള്ള രാജപാതയിലൂടെ ഒരു മൈൽ ദീർഘിച്ച ദിവ്യകാരുണ്യപ്രദക്ഷിണമായിരുന്നു.

താൻ ജീവിച്ച പൗരോഹിത്യദർശനങ്ങളാൽ പ്രേരിതനായി തന്റെ സഹോദരവൈദികരെ ഒരുമിച്ചുകൂട്ടി വാർഷികധ്യാനങ്ങൾ നടത്തിയും അവരെ തനിച്ചു കണ്ടും അവരുടെ ആത്മീയതയെയും ദൗത്യനിർവഹണത്തെയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ, ദൈവജനത്തെ നയിക്കേണ്ടുന്ന അവരുടെ പ്രവർത്തനങ്ങളെയും പ്രസംഗങ്ങളെയും പ്രത്യേകിച്ച്, ജീവിതമാതൃകയെയുംകുറിച്ച് സ്നേഹബുദ്ധ്യാ, എന്നാൽ, കർക്കശമായി അദ്ദേഹം എഴുതുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. വൈദികരുടെ കടമകൾ ദൈവത്തിന്റെയും മറ്റുള്ളവരുടെയും അവനവന്റെയും നേർക്കുള്ളവയായി അദ്ദേഹം തരംതിരിക്കുന്നു. പരി. കുർബാനയ്ക്കും കാനോനനമസ്കാരത്തിനും പുറമേ വൈദികർ അവശ്യം അനുഷ്ഠിക്കേണ്ട ഭക്തകൃത്യങ്ങളെ 1916 ജൂൺ 1 ന് അയച്ച കത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നു. പരിശുദ്ധി, നിയോഗശുദ്ധി, വേദപുസ്തകപാരായണം, വിരക്തി എന്നിവയും ദൈവശാസ്ത്രം, സന്മാർഗശാസ്ത്രം, സുറിയാനി എന്നിവയിലുള്ള അറിവും ആവശ്യമാണെന്ന് ഊന്നിപ്പറയുന്നു. ദൈവജനത്തിനുനേർക്കുള്ള അവരുടെ കടമയെപ്പറ്റി പറയുമ്പോൾ ആത്മാക്കളുടെ രക്ഷയിൽ ശ്രദ്ധിക്കുക, കൂദാശകൾ പരികർമം ചെയ്യുക, സന്മാതൃക കൊടുക്കുക, ദൈവവചനം പ്രഘോഷിക്കുക, അജ്ഞാനികളുടെ മനസ്സുതിരിവിനായി പ്രാർഥിക്കുക, പ്രവർത്തിക്കുക എന്നിവയോടൊപ്പം, ദാനധർമം, പരസ്പരബഹുമാനം എന്നിവയിൽ മുന്നിട്ടുനിൽക്കാനും ധനം, ലോകസംസർഗം എന്നിവയുടെ കാര്യത്തിൽ വിവേകപൂർവം പ്രവർത്തിക്കാനും വന്ദ്യപിതാവ് വൈദികരെ ഉപദേശിക്കുന്നുണ്ട്.

അപരനെ സ്നേഹിച്ച് ശൂന്യനായിത്തീരുന്ന, മറ്റൊരു ക്രിസ്തുവായി മാറാൻ പരിശ്രമിക്കുന്ന ഒരു പുരോഹിതനെ 52 വർഷത്തെ ആ ജീവിതത്തിൽനിന്നു നമുക്ക് വായിച്ചെടുക്കാം. ആത്മീയ, ഭൗതികവളർച്ചയ്ക്കായി തന്നെത്തന്നെ വ്യയംചെയ്യുന്ന, കരുണയുടെ കരങ്ങൾ നീട്ടി അവശരെയും അജ്ഞരെയും സർവപ്രകാരേണ ഉയർത്തുന്നതിനായി തന്റെ ആരോഗ്യവും സമയവും ചെലവഴിക്കുന്ന എത്രയോ സന്ദർഭങ്ങൾ നമുക്ക് അവിടെ കാണാനാവും! പുരോഹിതന്റെയും പുരോഹിതശ്രേഷ്ഠന്റെയും ദൗത്യം നിർവഹിച്ച്, സമൂഹോദ്ധാരണത്തിന്റെ, സ്ത്രീസമുദ്ധാരണത്തിന്റെ, മാനവസമത്വത്തിന്റെ, നീതിബോധത്തിന്റെ മഹത്തായ സന്ദേശമേകിയ ആ ധന്യജീവിതം ഇനിയും നമുക്കു പാഠപുസ്തകമാകേണ്ടതുണ്ട്.

■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
മൂലമറ്റം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
കുര്യനാട്

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി
കുര്യനാട്

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ദൈവമേ, അവിടുത്തെ ചിന്തകൾ എനിക്ക് എത്ര അമൂല്യമാണ്! അവ എത്ര വിപുലമാണ്!

സങ്കീർത്തനങ്ങൾ 139: 17

**എഡിറ്റോറിയൽ**

# സൈബർ ക്രിമിനലുകളെ നിലയ്ക്കു നിറുത്തണം

**സൈ**ബർലോകം അശ്ലീലങ്ങളുടെയും ആഭാസങ്ങളുടെയും കൂത്തരങ്ങായി അധഃപതിച്ചിട്ടു നാളുകളേറെയായി. ആൾക്കൂട്ടവിചാരണകളും ആക്രമണങ്ങളും പൊതുസമൂഹത്തിലെന്നപോലെ, സൈബറിടങ്ങളിലും പതിവായിരിക്കുന്നു. മനുഷ്യമഹത്ത്വത്തിനും അന്തസ്സിനും വിലകല്പിക്കാതെ വ്യക്തിഹത്യ നടത്തി ഒരു സംഘമാളുകൾ പരസ്യവിചാരകരായി വാഴുമ്പോൾ, പൊലിഞ്ഞുതീരുന്നത് ഒട്ടേറെപ്പേരുടെ ജീവനും ജീവിതവുമാണെന്ന് ആരും ഓർക്കാതെയോ അറിയാതെയോ പോകുന്നു.

അതേ, സൈബർ ആക്രമണത്തിന്റെ ഒടുവിലത്തെ ഇരയായി ഒരമ്മകൂടി ജീവനൊടുക്കിയിരിക്കുന്നു. കഴിഞ്ഞമാസം 28 ന് ചെന്നൈയിലെ അപ്പാർട്ട്മെന്റിൽ ബാൽക്കണിയിൽ ഭക്ഷണം കൊടുക്കുന്നതിനിടെയാണ് രമ്യയുടെ കൈയിൽനിന്ന് അബദ്ധത്തിൽ കുഞ്ഞ് താഴേക്കുവീണത്. നാലാം നിലയിൽനിന്നു വീണിട്ടും അത്യദ്ഭുതകരമായി രക്ഷപ്പെട്ട ഏഴുമാസം പ്രായമുള്ള പെൺകുരുന്നിന്റെ അമ്മയെ സൈബറിടങ്ങളിലെ ന്യായവിചാരകരും വിധിയാളന്മാരും വെറുതെ വിട്ടില്ല. ബന്ധുക്കളടക്കം സമൂഹമാധ്യമങ്ങളിൽ ഒരുകൂട്ടം സൈബർ ക്രിമിനലുകൾ നടത്തിയ കുറ്റവിചാരണകൾക്കൊടുവിൽ മാനസികമായി തളർന്ന ആ മുപ്പത്തിമൂന്നുകാരി അമ്മ ജീവനൊടുക്കി. വലിയൊരു ദുരന്തത്തിൽനിന്ന് പെൺകുഞ്ഞിനെ തിരിച്ചുകിട്ടിയെങ്കിലും, ആ കുഞ്ഞിനും അഞ്ചുവയസ്സുള്ള മകനും അമ്മയെ നഷ്ടമായി.

രമ്യയുടെ ജീവനെടുത്തത് അതിക്രൂരമായ സൈബർ ആക്രമണമാണ് എന്നതിൽ അഭിപ്രായാന്തരമില്ല. ആക്രമണം നടത്തിയ ക്രിമിനലുകളുടെ നീണ്ട നിരയിൽ തന്റെ പേരും എഴുതിച്ചേർക്കപ്പെടുമോ എന്ന് മനസ്സാക്ഷി മരവിക്കാത്ത ഓരോ വ്യക്തിയും നെഞ്ചിൽ കൈവച്ച് ആത്മവിമർശംകൊള്ളേണ്ടിയിരിക്കുന്നു. സമൂഹമാധ്യമങ്ങളുടെ മറവിലിരുന്ന് അന്യരെ നിർദാക്ഷിണ്യം പരിഹസിക്കാനും അന്യായമായി വിമർശിച്ചു താറടിക്കാനും ഒരുമ്പെടുന്നവരിൽ നമ്മളും നമുക്കൊപ്പമുള്ളവരുമുണ്ടെന്നതിൽ ലജ്ജിക്കുക.

മഹത്ത്വമുള്ള മനുഷ്യനെ പേക്കോലമാക്കി ഉറഞ്ഞുതുള്ളുന്ന സൈബർ ക്രിമിനലുകളെ നിലയ്ക്കുനിർത്താൻ ആരുമില്ലെന്ന തോന്നൽ ഈ കാലഘട്ടത്തിന്റെ ദുരവസ്ഥയാണെന്ന് 2021 ഡിസംബറിൽ കേരള ഹൈക്കോടതി പറയുകയുണ്ടായി. സ്ത്രീകളെ സൈബറിടങ്ങളിൽ അപമാനിക്കുന്നവരെ നിയമത്തിനു മുന്നിലെത്തിച്ച് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കാൻ പൊലീസിനു ശക്തമായ ഒരു വകുപ്പില്ലെന്നതാണ് അവരുടെ നിസ്സഹായതയ്ക്കും നിസ്സംഗതയ്ക്കും കാരണം. അനുദിനം പെരുകുന്ന കുറ്റകൃത്യങ്ങൾ നേരിടാൻ നിലവിലുള്ള സൈബർസെല്ലുകളും സൈബർ പൊലീസ് സ്റ്റേഷനുകളും അപര്യാപ്തമാണെന്നു പരക്കെ ആക്ഷേപമുണ്ട്.

സമൂഹമാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപം (സൈബർ ബുള്ളിയിങ്) സദാചാരത്തിന്റെ സകലസീമകളും ലംഘിച്ച് അത്യന്തം ജുഗുപ്സാവഹമായിരിക്കുന്നു. ഏതൊരു വ്യക്തിയിലും നന്മയും തിന്മയും ഉണ്ടാകാമെന്നിരിക്കേ നന്മകളെ തമസ്കരിച്ച് തിന്മകളെ പർവതീകരിക്കാനുള്ള വാസനാബലം ഒരു മനോരോഗമായി കണക്കാക്കേണ്ടിവരും. വ്യക്തിയെ താറടിച്ചു രസിക്കുന്നതും അതിനു കൈയടിയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നതും മനോവൈകൃതമല്ലാതെ മറ്റെന്താണ്? ഫോളോവേഴ്സിനെ അഥവാ 'ആരാധകരെ' സൃഷ്ടിക്കാൻ അശ്ലീലവും ആഭാസവും നിറഞ്ഞ വിഷമാലിന്യങ്ങളുണ്ടാവണമെന്നത് ഇക്കൂട്ടരുടെ ഹിഡൻ അജണ്ടയായി മാറുമ്പോൾ സമൂഹം ഒന്നടങ്കം ഉണർന്നു പ്രതികരിക്കേണ്ടിയിരിക്കുന്നു. സ്ത്രീകൾക്കെതിരേ അപകീർത്തികരമായ വീഡിയോകളും മറ്റും പോസ്റ്റുചെയ്ത് ഇരുട്ടിന്റെ മറവിലിരുന്ന് യാതൊരുളുപ്പുമില്ലാതെ സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന സൈക്കോക്രിമിനലുകളെ നിലയ്ക്കുനിർത്താനും തളയ്ക്കാനും മതിയായ നിയമമുണ്ടാകണം ഈ നാട്ടിൽ. നിയമം നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഭരണകൂടവും വേണം ഈ രാജ്യത്ത്.

സൈബർ ബുള്ളിയിങ് കണ്ടു പേടിച്ചോടുകയല്ല, കരുതലോടെ പ്രതിരോധിക്കുകയാണു വേണ്ടത്. നിയമവും ശിക്ഷാനടപടികളും ഒരു വശത്ത് നടപ്പാക്കുമ്പോൾത്തന്നെ കൗൺസലിങ്ങും മതിയായ ചികിത്സയും മറ്റും കൊടുത്ത് അവരെ നേർച്ചിന്തയിലേക്കു തിരികെക്കൊണ്ടുവരാൻകൂടി സംവിധാനമുണ്ടാവണം. ക്രിമിനലുകളും മനോരോഗികളുമാക്കി ചിത്രീകരിക്കാനെളുപ്പമാണ്; പക്ഷേ, അവരുടെ മനസ്സുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന വിഷമാലിന്യങ്ങൾ പുറന്തള്ളി ശുദ്ധിവരുത്താനുള്ള സൗഖ്യാന്തരീക്ഷം കൂടി അവർക്കു പ്രദാനം ചെയ്യാൻ സർക്കാർ സംവിധാനങ്ങൾക്കാവണം. ചിന്ത, വചന, ക്രിയകളിലൂടെ വഴിഞ്ഞൊഴുകുന്ന വിഷമാലിന്യങ്ങൾ അടിസ്ഥാനപരമായി ഹൃദയത്തിൽനിന്നു പുറപ്പെടുന്നതാകയാൽ ഓരോ വ്യക്തിയുടെയും ഹൃദയക്ഷാളനത്തിനു മുന്തിയ പ്രാധാന്യം കൊടുക്കണം. ആത്മീയ, ധാർമിക, സദാചാരനിയമങ്ങളിലുള്ള ചിട്ടയായ പരിശീലനംകൊണ്ടേ സാംസ്കാരിവെളിച്ചം ലഭിക്കുകയുള്ളൂവെന്ന് നമ്മുടെ വിദ്യാഭ്യാസവിദഗ്ധരും സാംസ്കാരിനായകരുമുൾപ്പെടെയുള്ളവർ തിരിച്ചറിഞ്ഞാൽ നന്ന്.

# ഭരണങ്ങാനത്ത് അൽഫോൻസിയൻ ആത്മീയവർഷം ഉദ്ഘാടനം ചെയ്തു



*ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ അൽഫോൻസിയൻ ആത്മീയവർഷം പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: ഭാരതത്തിന്റെ പ്രഥമവിശുദ്ധ അൽഫോൻസാമ്മയുടെ തീർഥാടനകേന്ദ്രത്തിൽ 2024-25 സ്ലീവാ എന്ന പേരിൽ അൽഫോൻസിയൻ ആത്മീയവർഷമായി ആഘോഷിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തീർഥാടനകേന്ദ്രത്തിൽ മേയ് 19 ന് രാവിലെ ആറിനു നടന്ന ദിവ്യബലിയെത്തുടർന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

സമ്മേളനത്തിൽ പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. ഭരണങ്ങാനം ഫൊറോനപ്പള്ളി വികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ട്, മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് ഡയറക്ടർ ജനറൽ ഫാ. ഡോ. വിൻസെന്റ് കദളിക്കാട്ടിൽ പുത്തൻപുര, എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ജസി മരിയ ഓലിക്കൽ, അസ്സീസി ആശ്രമം സുപ്പീരിയർ ഫാ. മാർട്ടിൻ മാന്നാത്ത്, ഡിഎസ്ടി സന്ന്യാസിനീസമൂഹം സുപ്പീരിയർ ജനറൽ സി. സലോമി മൂക്കൻതോട്ടം തുടങ്ങിയവർ പ്രസംഗിച്ചു.

ആത്മീയഉണർവിനായി അമ്പതിനപ്രോഗ്രാമുകളാണ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്റർ വിഭാവനം ചെയ്തിരിക്കുന്നത്. ആത്മീയസാധനയെ സംബന്ധിച്ച ദേശീയ, അന്തർദേശീയസെമിനാറുകൾ, മലയാളം, തമിഴ്, ഹിന്ദി ഭാഷകളിൽ നടത്തുന്ന അൽഫോൻസാ പഠനശിബിരങ്ങളുൾപ്പെടെ നിരവധി തലങ്ങളിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

അൽഫോൻസിയൻ കൂട്ടായ്മ, അൽഫോൻസിയൻ കുടുംബം, ഭക്തി, പഠനം, ആത്മീയത, ആഘോഷങ്ങൾ, നവീകരണങ്ങൾ, സാമൂഹികസേവനപ്രവർത്തനങ്ങൾ, ശിശുക്കൾക്കും വിദ്യാർഥികൾക്കും സമർപ്പിതർക്കും വൈദികർക്കുംവേണ്ടിയുള്ള നവീകരണപ്രോഗ്രാമുകൾ, അൽഫോൻസിയൻ സാംസ്കാരികവേദി, പാർശ്വവത്കരിക്കപ്പെട്ടവർക്കും സന്നദ്ധപ്രവർത്തകർക്കും വേണ്ടിയുള്ള ശുശ്രൂഷകൾ, അൽഫോൻസാ ഗാർഡൻ, കൾച്ചറൽ മ്യൂസിയം എന്നിവയും അൽഫോൻസിയൻ ആത്മീയവർഷത്തിന്റെ കർമപരിപാടികളാണ്.

പരിപാടികൾക്ക് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിലെ റെക്ടർ ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, വൈസ് റെക്ടർ ഫാ. ആന്റണി തോണക്കര, ഫാ. ഏബ്രഹാം കണിയാംപടി, ഫാ. അലക്സ് മൂലക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. ഏബ്രഹാം ഏരിമറ്റം, ഫാ. ജോർജ് ചീരാംകുഴി, ഫാ. മാർട്ടിൻ കല്ലറയ്ക്കൽ, ഫാ. തോമസ് തോട്ടുങ്കൽ, ഭരണങ്ങാനം ഇടവക വികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ട്, സഹവികാരി ഫാ. തോമസ് വാഴയിൽ തുടങ്ങിയവർ നേതൃത്വം നൽകും.

**പന്തക്കുസ്താതിരുനാൾ ദിവസം ഭരണങ്ങാനത്ത് ആദ്യാക്ഷരം കുറിക്കൽ**

പന്തക്കുസ്താ തിരുനാൾദിവസം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ ആദ്യാക്ഷരം കുറിക്കൽ നടന്നു. രാവിലെ 7.30 ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് കുട്ടികളെ ആദ്യാക്ഷരം എഴുതിച്ചു. റായ്പൂർ അതിരൂപത മുൻ ആർച്ചുബിഷപ് മാർ ജോസഫ് ചരണംകുന്നേൽ, മോൺ. ജോസഫ് തടത്തിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, രൂപത ചാൻസിലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, രൂപത പ്രൊക്യുറേറ്റർ ഫാ. ജോസഫ് മുത്തനാട്ട്, ഭരണങ്ങാനം ഇടവകവികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ട് തുടങ്ങിയവരും ചടങ്ങിൽ പങ്കാളികളായി.

# അമ്മക്കിളിയുടെ കുഞ്ഞിക്കൂട്



കഥ

ഡോ. മായാ ഗോപിനാഥ്

ഒറ്റമുറിയുടെ ജാലകത്തിലൂടെ ജപമാലയും തെരുപ്പിടിച്ചു പുറത്ത് ഈറൻ മാറുന്ന വെയിൽ നോക്കിനിന്നു റോസിയമ്മ.

മുറ്റത്തെ കൊച്ചുമാവിൻമേലൊരു കുരുവിക്കൂടുണ്ട്. അതിൽ നാലു മുട്ടവിരിഞ്ഞതും കലപില തുടങ്ങിയതും തലേന്നാണ്. രാത്രി നല്ലൊരു മഴ പെയ്തെങ്കിലും മാവിന് നല്ല ഇലച്ചിൽ ഉള്ളതുകൊണ്ട് അവർ നനഞ്ഞിരിക്കില്ല.

എങ്കിലും മുറ്റത്തിറങ്ങി മരത്തിനടുത്തെത്തി അവരെ നോക്കിയിട്ടാണ് റോസിയമ്മയ്ക്കു സമാധാനമായത്.

ഗബ്രിയേലച്ചന്റെ കരുതലിൽ തഴച്ചുവളരുന്ന ഫലവൃക്ഷങ്ങൾ നിറഞ്ഞ അങ്കണം. വിശുദ്ധിയുടെ ഹിമകണം ചൂടിയ പള്ളിമേട. ഉള്ളിൽ കനലുകളും പേറി.

വാർധക്യത്തിൽ ഒറ്റപ്പെട്ടുപോയ തന്നെപ്പോലെ ചിലർ. ഇതാണ് റോസിയമ്മയുടെ ലോകം.

ഇന്ന് മാതൃദിനമാണ്.

കെറ്റിലിൽ വെള്ളം വച്ചു തിളപ്പിച്ച് ഒരു കപ്പ് കട്ടൻകാപ്പിയിട്ടു.

അതുമായി ജനാലയ്ക്കലിരുന്നു ഫോൺ നോക്കി.

വാട്സ്ആപ്പ് തുറന്നപ്പോൾ ഗ്രൂപ്പുകളിലാകെ അമ്മക്കവിതകൾ, കഥകൾ. അമ്മയെ ഓർത്തു വിലപിക്കുന്ന മക്കൾ.

അമ്മയുടെ മഹത്ത്വമൊക്കെ ഇന്നത്തെ കാലത്തെ മക്കൾ തിരിച്ചറിയാൻ തുടങ്ങിയോ? റോസിയമ്മയ്ക്കു ചിരി വന്നു.

മണി ഒമ്പതായിരുന്നു. കാലത്തെ അല്പം ഓട്സ് കുറുക്കി കഴിച്ചാൽ പിന്നെ മിക്ക ദിവസവും ഊണ് വൈകുന്നേരം മൂന്നു മണിക്കൊക്കെയാണ്. ഒറ്റയ്ക്കാവുമ്പോൾ ഉപ്പും പുളിയും നോക്കി മിനക്കേട് വേണ്ട, കറി ഒന്നോ രണ്ടോ, മീനുണ്ടോ മുട്ടയുണ്ടോ എന്ന ആശങ്ക വേണ്ട. ആരെയും കാത്തിരിക്കേണ്ട. മുറിയുടെ മൂലയിൽ ഒരു മേശമേൽ വച്ച ഇൻഡക്ഷൻ കുക്കറിലെ കലത്തിൽ ഒരു പിടി അരിയിടുക.

തനിയെ നടക്കാൻ ശേഷി ഉള്ളതുകൊണ്ട് പള്ളിയിൽ പോയി മുട്ടുകുത്താം.

പക്ഷേ, അപ്പോഴും ഇടനെഞ്ച് ഒന്ന് പിടഞ്ഞുപോകും.


അശരണരാവുന്ന വാർധക്യത്തിൽ ഒരു താങ്ങാവും എന്നു കരുതിയ കൈവിരലുകൾ ചേർത്തുപിടിക്കാനില്ലാതെ ഒറ്റപ്പെടലിന്റെ കാരാഗൃഹത്തിൽ കഴിയുന്ന വേദന...

മക്കൾക്ക് തൊടിയിലെ കരിയിലപോലെ അടിഞ്ഞുകൂടുന്നവരാണ് അച്ഛനമ്മമാരെങ്കിൽ... വിധിയെന്നോർത്തു സമാധാനിക്കാനല്ലേ കഴിയൂ.

പൂക്കൾ ചിരിക്കുന്ന തൊടികളും, കായ്ച്ചുകിടക്കുന്ന ഫലവൃക്ഷങ്ങളുമുള്ള തന്റെ വീടോർത്തപ്പോൾ ഒന്നു തേങ്ങിപ്പോയി. താനും അച്ചായനും സ്വപ്നം കൊണ്ടു പണിഞ്ഞ വീട്, അച്ചായന്റെ പൊട്ടിച്ചിരികളും പ്രാർഥനയും നിറഞ്ഞ വീട്. മകനും മകളും പിച്ചവച്ച വീട്.

തന്റെ പ്രാണന്റെ അംശമായ വീട്.

ആരോ വാതിലിൽ മുട്ടുന്നതു കേട്ടു. തുറന്നപ്പോൾ ശരണ്യ. റോസിയമ്മച്ചീ എന്നു വിളിച്ച് അവൾ കെട്ടിപ്പിടിച്ചപ്പോൾ കണ്ണു നിറഞ്ഞുപോയി.



അഞ്ചു വർഷം തനിക്കു സഹായത്തിനു വീട്ടിൽ നിന്ന കുട്ടിയാണ്. അച്ചായൻ ജീവിച്ചിരുന്നപ്പോൾത്തന്നെ ഇത്തിരി പൊന്നും പണവുമൊക്കെ കൊടുത്തു തങ്ങൾ കല്യാണം നടത്തിവിട്ട പെണ്ണാണ്.

എല്ലാക്കൊല്ലവും മാതൃദിനം മറക്കാതെ തന്നെ കാണാൻ വരുന്നത് അവളാണ്. കാരണം, മാതൃദിനം തന്റെ പിറന്നാൾകൂടിയാണെന്ന് അവൾക്ക് അറിയാം.

തനിക്കു പ്രിയപ്പെട്ട അടപ്രഥമനും ഒരു പൊതിച്ചോറും കൊണ്ടാണ് ശരണ്യ വന്നത്. പോയ കൊല്ലം അവൾ ഒരു കേക്ക് വാങ്ങി വന്നപ്പോൾ സദ്യയുണ്ണാൻ ആയിരുന്നു തന്റെ മോഹം എന്ന് പറഞ്ഞതവളോർത്തുവച്ചു.

ചിലർ സ്നേഹവും കരുതലുംകൊണ്ട് നമ്മുടെ കണ്ണുനിറയ്ക്കുമ്പോൾ നൊന്തുപെറ്റ മക്കളുടെ മനഃപൂർവമുള്ള മറവിയിൽ മുങ്ങുന്ന സങ്കടം നാം മറക്കാൻ ശ്രമിക്കും.

കുളികഴിഞ്ഞു വന്ന റോസിയമ്മ പൊതിച്ചോറ് അഴിച്ചു ആദ്യത്തെ പിടി ചോറ് വാരി ശരണ്യയുടെ വായിൽ വച്ചുകൊടുത്തു.

രണ്ടുപേരുടെയും കൺകോണിൽ നീർമണികളുരുണ്ടുകൂടി.

പൊതുവെ പിടിവാശിക്കാരനായ മകൻ വിവാഹത്തിനു തൊട്ടുമുമ്പുവരെയും തന്റെ കൈയിൽനിന്നു ചോറുരുള വാങ്ങിക്കഴിക്കുമായിരുന്നു. വിദേശത്തു പഠിച്ച മരുമകൾ വന്നശേഷം അവൻ കൈകൊണ്ടു ചോറുണ്ണുകപോലുമില്ല. സ്പൂണും ഫോർക്കും മാത്രം മതി. ഒരിക്കൽ അവന്റെ മകന് ഒരുരുള ചോറ് വാരിക്കൊടുത്തതിന് മരുമകളുടെ വായിൽനിന്നു താൻ കേട്ട ശാപവാക്കുകൾ പെട്ടെന്നു തികട്ടി വന്നപോലെ.

ഊണു കഴിച്ചുതീർന്നപ്പോൾ ശരണ്യ ബാഗ് തുറന്നു കുറെയേറെ ചുവന്ന കുപ്പിവളകൾ റോസിയമ്മയുടെ കൈകളിൽ ഇട്ടുകൊടുത്തു. തിരുവാതിരപ്പാട്ടും കുപ്പിവളകളും ഒക്കെ തന്റെ വേറിട്ട ഇഷ്ടങ്ങളായിരുന്നു.

അച്ചായനുള്ളപ്പോൾ പൂരപ്പറമ്പിൽ കൊണ്ടുപോയി തനിക്കു വളകൾ വാങ്ങിത്തരുമായിരുന്നതോർത്തപ്പോൾ ഒരു നോവിരമ്പം.

ശരണ്യയുടെ പ്രസന്നമായ ചിരിയിൽ തന്റെ വേവുകൾ അലിയുന്നപോലെ തോന്നി.

ഒരർഥത്തിൽ അമ്മ ഇവിടെ ആയത് നല്ലതുതന്നെ.

നാട്ടിലെയും വീട്ടിലെയും കലാപത്തിൽനിന്നൊഴിഞ്ഞു പള്ളിമേടയുടെ വിശുദ്ധിയിൽ മനഃസമാധാനമായിരിക്കാമല്ലോ.. പോകാനിറങ്ങുന്നേരം റോസിയമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട വൾ പറഞ്ഞു.

"അല്ലെങ്കിലും മോളേ, കർത്താവു തമ്പുരാൻ സഹിച്ച പീഡയോളം വരില്ലല്ലോ നമ്മുടെ വേദനകൾ."

മനസ്സിലെ അശാന്തിയെ മായിക്കാൻ റോസിയമ്മ ന്യായീകരണം കണ്ടെത്തി.

അച്ചായൻ മരിച്ചതിൽ പിന്നെ മക്കൾക്കു വേണ്ടിമാത്രമായിരുന്നു തന്റെ ജീവിതം. അവരുടെ ഇഷ്ടങ്ങളല്ലാതെ തനിക്കു വേറേ ഇഷ്ടങ്ങൾ ഇല്ലായിരുന്നു.

മൂന്നു കൊല്ലംമുമ്പൊരു പകൽ രണ്ടു ജോഡി തുണിയും ബൈബിളും ജപമാലയും ഒരു കുടുംബഫോട്ടോയുമായി വീടു വീട്ടിറങ്ങിയത് മരുമകളുടെ കുത്തുവാക്കുകൾ സഹിക്കാനാവാതെയാണ്.

അച്ചായന്റെ വിൽപ്പത്രപ്രകാരം മകന് അവകാശപ്പെട്ട വീട്ടിൽനിന്നിറങ്ങുമ്പോൾ നേരേ പോയത് മകളുടെ അടുത്തേക്കാണ്.

സ്വന്തം ജീവിതത്തിൽ അമ്മ ഒരു അധികപ്പറ്റാണെന്ന് വൈരാഗ്യത്തോടെ മകൾ പറയുന്നതു കേട്ടു നിൽക്കാൻ റോസിയമ്മയ്ക്കു കഴിഞ്ഞില്ല. പിന്നെ ഒന്നും നോക്കിയില്ല.

ഉണ്ടായിരുന്ന കമ്മലും മാലയുമൊക്കെ വിറ്റുകിട്ടിയ പൈസ ഗബ്രിയേലച്ചന്റെ ആശ്രമത്തിൽ അടച്ച് ഒരു മുറി ചോദിച്ചുവാങ്ങി.

മേടയോടു ചേർന്നുള്ള സ്കൂളിലെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിച്ചു കിട്ടുന്ന ചെറിയ വേതനം കൊണ്ട് ഇത്രനാളും കഴിഞ്ഞു.

ആർക്കു മുന്നിലും തലകുനിക്കാതെ ഇനിയുള്ള കാലവും കഴിച്ചുകൂട്ടണം. അനാരോഗ്യം കൂടുന്നത് ഒരാശങ്കയായി മുന്നിലുണ്ടെന്നാലും.

ബൈബിൾ തുറന്നു പ്രാർഥിക്കാൻ തുടങ്ങുമ്പോഴാണ് വാതിൽക്കൽ ഗബ്രിയേലച്ചന്റെ ശബ്ദം കേട്ടു കതകുതുറന്നത്.

അച്ചനൊപ്പം ക്യാമറയും തൂക്കി ഒന്നുരണ്ടുപേരെയും കണ്ടു.

റോസിയമ്മയ്ക്ക് ഒന്നും മനസിലായില്ല.

റോസിയമ്മയുടെ 'ഹ്യൂസ് ഓഫ് ലവ്'നാണ് ഈ വർഷത്തെ 'രബീന്ദ്രപുരസ്കാർ.' അപ്പോഴാണ് ശ്യാമും ദേവികയും ദീപക്കും മുന്നിലേക്ക് വന്നതും അമ്മയെ പുണർന്നതും.

കവിതയുടെ ഇമ്പമുള്ള വീട്ടിലാണു പിറന്നതെങ്കിലും വിവാഹശേഷം റോസിയമ്മയ്ക്ക് തന്റെ മക്കളായിരുന്നു കവിതകൾ.

ജീവിതവീഥിയിൽ തനിച്ചായപ്പോഴാണ് ഹൃദയത്തിലെ ആർദ്രത വീണ്ടും കവിതകളായി പെയ്തത്.

എഴുത്തുകാരുടെ കൂട്ടായ്മയിൽനിന്നു തനിക്കു കിട്ടിയ മൂന്ന് മക്കൾ. പ്രസവിക്കാതെ, പാലൂട്ടാതെ, ഉറക്കിളയ്ക്കാതെ തന്റെ മക്കളായവർ. തന്റെ ജന്മത്തെ രണ്ടായി പകുത്താൽ താൻ പ്രസവിക്കാത്ത മക്കൾ തരുന്ന സ്നേഹനിലാവിനായിരിക്കും പകൽപോലെ തെളിച്ചം.

ഒരു മെഴുകുതിരി ഉരുകുംപോലെ റോസിയമ്മ കരഞ്ഞുപോയി.

ക്യാമറകൾ തെരുതെരെ കണ്ണുചിമ്മി.

ഇടയ്ക്കിടെ റോസിയമ്മ ഗ്രൂപ്പിലിട്ട കവിതകൾ മൂവരും ചേർന്ന് പുസ്തകമാക്കി അവാർഡ് കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയായിരുന്നു.

"സുഖദുഃഖങ്ങളുടെ ഇടനാഴിയിലൂടെ ഒഴുകി ഒടുവിൽ ജീവിതം ചില വിസ്മയങ്ങളിൽ തിളങ്ങുമെന്ന് റോസിക്കിപ്പോൾ മനസിലായില്ലേ?" ഗബ്രിയേലച്ചൻ ചോദിച്ചു.

ദേവികയും ശ്യാമും ദീപക്കും ചേർന്ന് അമ്മയെ കെട്ടിപ്പിടിച്ചുമ്മവച്ചു.

അപ്പോൾ മാവിൻകൊമ്പിലെ കൂട്ടിലിരുന്ന് അമ്മക്കിളി കുഞ്ഞുങ്ങളെ ചിറകിൻകീഴിലേക്ക് ചേർത്തണച്ചു.

■

## രാമപുരം മാർ ആഗസ്തീനോസ് കോളജിന് AICTE അംഗീകാരം

രാമപുരം: രാമപുരം മാർ ആഗസ്തീനോസ് കോളജിന് All India Council for Technical Education യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. ഇനി മുതൽ രാമപുരം കോളജിലെ BCA, BBA മുതലായ കോഴ്സുകൾ AICTE യൂണിവേഴ്സിറ്റിയുടെ കീഴിലായിരിക്കും പ്രവർത്തിക്കുന്നത്. നിലവിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന കോളജിലെ ഈ കോഴ്സുകളാണ് AICTE യുടെ കീഴിലേക്കു മാറുന്നത്. കോളജിന് AICTE യുടെ അംഗീകാരം ലഭിച്ചത് കോളജിന്റെ നാളിതുവരെയുള്ള മികച്ച സേവനത്തിനു ലഭിച്ച അംഗീകാരമാണെന്ന് മാനേജർ റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം അനുമോദനയോഗത്തിൽ പറഞ്ഞു. പ്രിൻസിപ്പൽ ഡോ. ജോയ് ജേക്കബ്, വൈസ് പ്രിൻസിപ്പൽമാരായ ഫാ. ജോസഫ് ആലഞ്ചേരിൽ, സിജി ജേക്കബ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജീവ് ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് എക്സിക്യൂട്ടീവ് പ്രകാശ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

# പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ്



ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ



'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' ഈശോ നമുക്കു നൽകിയ ഏറ്റവും ശ്രേഷ്ഠമായ പ്രാർഥനയാണെങ്കിൽ, 'വിശ്വാസപ്രമാണം' തിരുസ്സഭ നമുക്കു നൽകിയിരിക്കുന്ന വിശിഷ്ടമായ ഒരു പ്രാർഥനയാണ്. ഒരു പ്രാർഥനയായതിനാലാണ് മറ്റു പ്രാർഥനകൾപോലെ ഇതും 'ആമ്മേൻ'കൊണ്ട് അവസാനിക്കുന്നത്. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്ന ആദ്യകാല പ്രാർഥനയോടു കാലാകാലങ്ങളിൽ വിശദാംശങ്ങൾ കൂട്ടിച്ചേർത്ത് സാർവത്രികസൂനഹദോസുകളിലൂടെ ചർച്ചചെയ്ത് അംഗീകരിച്ചു നൽകപ്പെട്ടിരിക്കുന്ന വിശ്വാസപ്രമാണം നാം ഏറ്റുപറയുന്ന വിശ്വാസത്തിന്റെ സംഗ്രഹമാണ്. മതബോധനത്തിന്റെ പ്രഥമവും ആധികാരികവുമായ സംശോധകസ്രോതസ്സായി വിശ്വാസപ്രമാണം നിലകൊള്ളുന്നു (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, പി.ഒ.സി., 2011, പേജ് 52).

വിവിധ വിശ്വാസപ്രമാണങ്ങൾ സഭയിൽ രൂപംകൊണ്ടിട്ടുണ്ട്; നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, കാൽസിഡൺ, ലാറ്ററൻ, ലിയോൺസ്, ട്രെന്റോസ്, അത്തനാസിയൂസിന്റെ വിശ്വാസപ്രമാണം, ദമാസൂസ് വിശ്വാസപ്രമാണം, അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം, ദൈവജനത്തിന്റെ വിശ്വാസപ്രമാണം തുടങ്ങിയവ. ഇവയിൽ രണ്ടെണ്ണമാണു കൂടുതൽ പ്രാധാന്യമർഹിക്കുന്നവ: നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണവും. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം അപ്പസ്തോലന്മാരുടെ രണ്ടാംതലമുറയിൽപ്പെട്ട റോമായിലെ ഒരു വിശ്വാസ പരിശീലകൻ ക്രോഡീകരിച്ചു സൂക്ഷിച്ചതാണ്. ഈ വിശ്വാസപ്രമാണത്തിൽ അപ്പസ്തോലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും പ്രധാന പഠനങ്ങളുടെ വലിയ സ്വാധീനം കാണാം. ഈ വിശ്വാസസംഹിത ക്രിസ്തുവർഷം 100 നോടടുത്താണ് വിരചിതമായത്. റോമൻസഭയുടെ പ്രാചീനമായ മാമ്മോദീസ - വിശ്വാസപ്രമാണമാണിത്. എല്ലാ പ്രധാന പാശ്ചാത്യ, പൗരസ്ത്യസഭകൾക്കും പൊതുവായിട്ടുള്ളതാണ് നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം. ഈ വിശ്വാസപ്രമാണത്തിന്റെ ആധികാരികതയുടെ അടിസ്ഥാനം ഇത് ആദ്യത്തെ രണ്ട് സാർവത്രിക സൂനഹദോസുകളിൽനിന്നു രൂപംകൊണ്ടു എന്നതാണ്. 'അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം' ആരംഭിക്കുന്നത് 'ഞാൻ വിശ്വസിക്കുന്നു' എന്നും 'നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ആരംഭിക്കുന്നത് 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നുമാണ്. മിശിഹായിലുള്ള വിശ്വാസത്തിന്റെ പരസ്പരപൂരകങ്ങളായ രണ്ടു മാനങ്ങളാണ് ഇവിടെ വ്യക്തമാകുന്നത്.

**നിഖ്യായിൽ വിശ്വാസപ്രമാണം രൂപപ്പെടുന്നു**

നിഖ്യാവിശ്വാസപ്രമാണം രൂപപ്പെടുന്നതിന്റെ പശ്ചാത്തലം ത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻതമ്പുരാനെക്കുറിച്ചുള്ള ആരിയൂസിന്റെ തെറ്റായ പഠനങ്ങളും കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ഇടപെടലും നിഖ്യാ കൗൺസിലുമാണ്. രണ്ടര നൂറ്റാണ്ടുകാലത്തെ (ക്രിസ്തുവർഷം 64-306) മതമർദനങ്ങൾക്കുശേഷം സ്വാതന്ത്ര്യം ലഭിച്ചപ്പോൾ തങ്ങൾ അതുവരെ വിശ്വസിച്ച കാര്യങ്ങളെപ്പറ്റി ചിലർ കൂടുതൽ ചിന്തിക്കാനും വ്യാഖ്യാനിക്കാനും തുടങ്ങി. അലക്സാൺഡ്രിയായിലെ ഒരു പുരോഹിതനായിരുന്ന ആരിയുസിന്റെ 'പുത്രന് എങ്ങനെ പിതാവിന് ഒപ്പം ആയിരിക്കാൻ സാധിക്കും', അതിനാൽ, പുത്രൻ പിതാവിനെക്കാൾ ഒരുപടി താഴെയാണ് (subordinate), പുത്രൻ ഒരു സൃഷ്ടിയാണ്, പിതാവിന്റെതന്നെ സത്തയല്ല (substance) എന്ന തെറ്റായ പഠനങ്ങൾക്ക്, കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുചേർത്ത നിഖ്യാസൂനഹദോസിൽ 325 ജൂൺ 19 ന് കൊടുത്ത മറുപടിയാണ് നിഖ്യാ വിശ്വാസപ്രമാണം. ഇതിന്റെ സംഗ്രഹം 'പുത്രൻ പിതാവിന്റെ സൃഷ്ടിയല്ല, പിതാവിൽനിന്നു ജനിച്ചവനാണ്, പിതാവിന് ഒപ്പം അനാദിയിലേ ഉള്ളവനാണ്, പുത്രന് പിതാവിന്റെ തന്നെ സത്തയാണ് (homo ousios)' എന്നാണ്.

**കോൺസ്റ്റാന്റിനോപ്പിളിൽ വിപുലപ്പെടുത്തുന്നു**

ആരിയൂസിന്റെ ആശയം നിഖ്യാസൂനഹദോസ് തള്ളിക്കളയുകയും അദ്ദേഹത്തെ പുറത്താക്കുകയും ചെയ്തുവെങ്കിലും കോൺസ്റ്റന്റയിന്റെ പിൻഗാമിയായ കോൺസ്റ്റാൻസിയൂസ് രണ്ടാമന്റെ കാലത്ത് ആര്യനിസത്തിനു കൂടുതൽ പ്രചാരം ലഭിക്കുകയും അതിന്റെ പുതിയ രൂപമായി സെമി-ആര്യനിസം രൂപപ്പെടുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന മാസിഡോണിയസ് 'പരിശുദ്ധാത്മാവും പുത്രനെപ്പോലെ പിതാവിന്റെ കീഴിലാണ്' എന്നു വാദിച്ചു.

ആര്യനിസത്തിൽ പുത്രന്റെ ദൈവത്വം നിഷേധിക്കപ്പെട്ടുവെങ്കിൽ സെമി - ആര്യനിസത്തിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വമാണു നിഷേധിക്കപ്പെടുന്നത്. രണ്ടിലും ദൈവത്വം നിഷേധിക്കപ്പെടുന്നുവെന്നതാണ് ഈ രണ്ടു പഠനങ്ങൾ തമ്മിലുള്ള സാദൃശ്യം. റോമാ ചക്രവർത്തിയായിരുന്ന തെയഡോഷ്യസ് രണ്ടാമൻ 381 ൽ കോൺസ്റ്റാന്റിനോപ്പിളിൽ ഒരു സിനഡ് വിളിച്ചുകൂട്ടി പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ പഠനം തെറ്റാണ് എന്നു പ്രഖ്യാപിക്കുകയും നിഖ്യാ പഠിപ്പിച്ചത് ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്തു. ഈ സിനഡിലും ഒരു വിശ്വാസപ്രമാണത്തിനു രൂപം കൊടുത്തു. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്ന് ഇതിനെ വിളിക്കാമെങ്കിലും നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്നാണ് ഇതിന്റെ പേര്. ഇപ്പോൾ കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ ആരാധനക്രമത്തിൽ ഇത് ഉപയോഗിക്കുന്നു.

**'ഫീലിയോകേ'(Filioque) പ്രശ്നം**

'പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു' എന്ന് 381 ലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ കൃത്യമായി പറഞ്ഞുവച്ചു. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിരാകരിച്ച സെമി-ആര്യന്മാർക്ക് കൊടുത്ത ഉത്തരവുംകൂടിയായിരുന്നു ഇത്. എന്നാൽ, താമസിയാതെ 'പിതാവിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പെടൽ' (procession) എങ്ങനെയെന്ന് പലരും ചിന്തിക്കാനും ഉത്തരം കണ്ടെത്താനും തുടങ്ങി. ഈ പുറപ്പെടലിൽ പുത്രന്റെ പങ്ക് എന്ത്? പിതാവിൽനിന്നുമാത്രമാണോ, അതോ പുത്രനിൽനിന്നുകൂടിയാണോ, കാരണം, പിതാവിന്റെതന്നെ സത്തയല്ലേ പുത്രന്? തുടങ്ങിയുള്ള ചോദ്യങ്ങൾ ഉയർന്നുവന്നു. പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് 'പിതാവിൽനിന്ന് പുത്രനിലൂടെ' പുറപ്പെടുന്നു എന്നാണ് ഗ്രീക്കുസഭ ചിന്തിച്ചത്. എന്നാൽ, 'പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും കൂടെ പുറപ്പെടുന്നു' എന്ന് റോമൻ സഭയും ചിന്തിച്ചു. 'പുത്രനിലൂടെ' എന്ന ഗ്രീക്ക്സഭയുടെ പ്രയോഗവും 'പുത്രനിൽനിന്നുകൂടെ' (ഫീലിയോകേ - Filioque) എന്ന ലത്തീൻസഭയുടെ പ്രയോഗവും നിഖ്യാ - കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഇല്ലാത്തതാണ്.

പിതാവിന്റെയും പുത്രന്റെയും അതേ സത്തയാണ് പരിശുദ്ധാത്മാവ് എന്ന് കോൺസ്റ്റാന്റിനോപ്പിൾ സുനഹദോസ് പ്രഖ്യാപിച്ചു. ക്രിസ്തുവർഷം 447 ൽ ഒന്നാം ലെയോ മാർപാപ്പാ 'പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നതിനു പകരമായി 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്ന് ഉപയോഗിച്ചുതുടങ്ങി. സ്പെയിനിലെ തൊളേദോ പ്രാദേശികസിനഡിൽ 675 ൽ ഈ ഏറ്റുചൊല്ലൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തോട് കൂട്ടിച്ചേർത്തു. ഈ കൗൺസിലിനുശേഷം സ്പെയിനിൽ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിലെ 'പിതാവിൽനിന്നു പുറപ്പെടുന്നവനും' എന്നതിനു പകരം 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും' എന്ന് ഉപയോഗിച്ചുതുടങ്ങി. വിശുദ്ധ കുർബാനയിലെ വിശ്വാസപ്രമാണത്തിലും ഇങ്ങനെതന്നെ ഉപയോഗിച്ചു.

**പാശ്ചാത്യ പൗരസ്ത്യ വ്യത്യാസം**

നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ വരുത്തിയ കൂട്ടിച്ചേർക്കൽ പൗരസ്ത്യസഭകൾക്കു സ്വീകാര്യമായിരുന്നില്ല. 786 ലെ രണ്ടാം നിഖ്യാ സൂനഹദോസിൽ 'പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുത്രനിലൂടെ പുറപ്പെടുന്നുവെന്ന്' പ്രസ്താവിച്ചു. 431 ലെ എഫേസൂസ് സൂനഹദോസിന്റെയും 451 ലെ കാൽസിഡൺ സൂനഹദോസിന്റെയും നിലപാടനുസരിച്ച് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽനിന്നു വ്യത്യസ്തമായ ഒരു വിശ്വാസം പ്രഖ്യാപിക്കുന്നവൻ സഭയുടെ ശത്രുവാണ്. അതിനാൽ, പൗരസ്ത്യസഭ ഫീലിയേകോ വിശ്വാസപ്രമാണത്തിൽ ചേർക്കുന്നതിനെ സ്വാഗതം ചെയ്തില്ല. 797 ൽ ഫ്രൈയൂളിൽ കൂടിയ ഒരു സിനഡിൽ അക്വിലായിലെ മെത്രാനായിരുന്ന പൗളിനോസ് ഫീലിയോകേയുടെ കൂട്ടിച്ചേർക്കലിനെ സ്വാഗതം ചെയ്തു. ഏകദേശം 800-മാണ്ടോടുകൂടി കൂട്ടിച്ചേർക്കലോടുകൂടിയ വിശ്വാസപ്രമാണം ഫ്രാൻസിലും സമീപപ്രദേശങ്ങളിലും ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാൻ തുടങ്ങി. ഈ സ്ഥലങ്ങളിലെ സന്ന്യാസസമൂഹങ്ങളിൽ ഇത് അഭിപ്രായഭിന്നതയ്ക്കു കാരണമായി. അതിനാൽ, ഈ വിഷയം ലെയോ മൂന്നാമൻ പാപ്പായുടെ തീരുമാനത്തിന് എത്തി. ഫീലിയോകേ അദ്ദേഹം അംഗീകരിച്ചെങ്കിലും നിഖ്യാ- കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഏതെങ്കിലും മാറ്റം വരുത്തുന്നതിനു തയ്യാറായില്ല. 1014 ൽ ബെനഡിക്ട് ഏഴാമൻ പാപ്പായുടെ കാലത്താണ് റോമിലെ വിശുദ്ധ കുർബാനകളിൽ ഫീലിയോകേയോടുകൂടിയ വിശ്വാസപ്രമാണം ചൊല്ലാൻ ഔദ്യോഗികമായ അംഗീകാരം നൽകപ്പെട്ടത്. ബൈസന്റെൻ ദൈവശാസ്ത്രജ്ഞനായിരുന്ന ഫോസിയൂസ് ഫീലിയോകേയെ ശക്തമായി എതിർത്തുകൊണ്ടു ധാരാളമായി എഴുതുകയും പിതാവിൽനിന്നുമാത്രമേ പരിശുദ്ധാത്മാവ് പുറപ്പെടുന്നുള്ളൂ എന്നു വാദിക്കുകയും ചെയ്തു. ത്രിത്വത്തിലെ വ്യക്തികൾ വ്യത്യസ്തരാണെന്നും പരസ്പരം പങ്കുവയ്ക്കാനാവാത്ത വ്യതിരിക്തത ഓരോ വ്യക്തിക്കും ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

'ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകു'മെന്ന (യോഹ. 15:26) ദൈവവചനത്തെ ആസ്പദമാക്കി തന്റെ വാദഗതികൾ അവതരിപ്പിക്കാൻ ഫോസിയൂസിനു കഴിഞ്ഞു. 867 ൽ ബൈസന്റെൻ പാത്രിയാർക്കീസ് ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും അവിടെവച്ച് ഫോസിയൂസ് ലത്തീൻസഭയുടെ അജ്ഞതയെയും തെറ്റുകളെയും തള്ളിപ്പറയുകയും ഫീലിയോകേ ചേർത്ത് സഭയുടെ അടിസ്ഥാനവിശ്വാസപ്രമാണത്തെ ചൂഷണം ചെയ്തു എന്നു പ്രഖ്യാപിക്കുകയും ചെയ്തു.

*ശേഷം 10-ാം പേജിൽ*



# പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ്

7-ാം പേജ് തുടർച്ച

പതിനൊന്നാം നൂറ്റാണ്ടിൽ മൈക്കിൾ ചെറുലാരിയൂസ് ബൈസന്റയിൻ പാത്രിയാർക്കീസായിരുന്ന കാലത്ത് കടുത്ത ഭിന്നത ഉടലെടുത്തു. പരമ്പരാഗതമായി റോമൻസഭയുടെ അവകാശമായിരുന്ന മുൻഗണനയെ (primacy of Rome) ബൈസന്റൈൻ അവകാശമായി അദ്ദേഹം ഉന്നയിച്ചു. ഇതറിഞ്ഞ ലെയോ ഒമ്പതാമൻ പാപ്പാ റോമിൽനിന്ന് അയച്ച പ്രതിനിധികൾ ബൈസന്റൈൻ പാത്രിയാർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കുകയും സഭയിൽനിന്നു പുറത്താക്കുകയും ചെയ്തു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ചെറുലാരിയൂസ് പാത്രിയാർക്കീസ് വിളിച്ചുകൂട്ടിയ സൂനഹദോസിൽവച്ച് (1054) ഫീലിയോക്വേയെ തിരസ്കരിച്ചുകൊണ്ടുള്ള ഫോസിയൂസിന്റെ 867 ലെ പ്രബോധനത്തെ ശരിവച്ചു.

പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെ സംബന്ധിച്ച് വിരുദ്ധ നിലപാടുകൾ സ്വീകരിച്ചതുമൂലം സഭ കത്തോലിക്കാസഭയും ഓർത്തഡോക്സ്സഭയുമായി വിഭജിക്കപ്പെട്ടു. വിശുദ്ധ ഗ്രന്ഥത്തിൽ 'പിതാവ് അയയ്ക്കുന്ന', 'പുത്രനിൽനിന്നു പുറപ്പെടുന്ന ആത്മാവ്' (യോഹ. 14: 26, അപ്പ. 2: 33) എന്നീ വിശേഷണങ്ങൾ കാണുന്നു. 'പുത്രനിൽനിന്നുംകൂടെ പരിശുദ്ധാത്മാവ് പുറപ്പെടുന്നു' എന്നത് ഒരു തെറ്റായ പഠനമായി പൗരസ്ത്യസഭയും കാണുന്നില്ല. ഗ്രീക്കുസഭാപിതാക്കന്മാരായ വിശുദ്ധ ബേസിൽ, നിസിയാൻസിലെ വിശുദ്ധ ഗ്രിഗറി, നിസ്സായിലെ വിശുദ്ധ ഗ്രിഗറി എന്നിവർ 'പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുത്രനിലൂടെ പുറപ്പെടുന്നു' എന്ന തത്ത്വം അംഗീകരിക്കുന്നവരാണ്. പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെക്കുറിച്ച് ഒരു തർക്കവും ഇല്ലാതിരുന്ന സമയത്ത് സഭാപിതാക്കന്മാർ ഇങ്ങനെ പഠിപ്പിച്ചു.

**ഒരേ യാഥാർത്ഥ്യം**

സാർവത്രികസഭയാണ് ഫീലിയോക്വേ കൂടാതെയുള്ള നിഖ്യാ – കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം സ്വീകരിച്ചേറ്റു പറഞ്ഞത്. ഈ വിശ്വാസപ്രമാണത്തിൽ എന്തെങ്കിലും തിരുത്തൽ വരുത്തുന്നതും സാർവത്രികസഭയുടെ അംഗീകാരത്തോടെ തന്നെയാവണം. ഫീലിയോക്വേ എന്ന തത്ത്വം അംഗീകരിച്ചില്ലെങ്കിലും അത് വിശ്വാസപ്രമാണത്തോടു കൂട്ടിച്ചേർക്കാൻ ലെയോ മൂന്നാമൻ പാപ്പാ വിസമ്മതിച്ചത് അതുകൊണ്ടാണ്. വിശ്വാസപ്രമാണം സാർവത്രികസഭയുടെ സ്വത്താണെന്നും അതിലെ സമാനതകൾ ദൈവജനത്തിന്റെ ഐക്യത്തെ സൂചിപ്പിക്കുന്നതാണെന്നും അതിനാൽ, ഏതെങ്കിലും പ്രാദേശികസഭകൾ അതിൽ മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വരുത്തരുതെന്നും വ്യക്തം.

വിശുദ്ധഗ്രന്ഥംതന്നെ 'പുത്രനിൽനിന്നുകൂടെ' പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നതിനു സാക്ഷ്യം നൽകുന്നു. ഗ്രീക്കുസഭാപിതാക്കന്മാരും ഇത് അംഗീകരിക്കുന്നവരാണ്. പിതാവും പുത്രനും തമ്മിലുള്ള അതേ ബന്ധം തന്നെയാണ് പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ളത്. യോഹ. 15:26 ൽ എഴുതിയിരിക്കുന്നു: 'പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നൽകും.' ഈ വചനം പുത്രനിൽനിന്നു പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്ന സത്യത്തിനു വിരുദ്ധമല്ല. മാത്രമല്ല, ഈ വചനത്തിന്റെ ആദ്യഭാഗത്ത് 'ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ' എന്നു ചേർത്തിരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ 'ഫീലിയോക്വേ' ഇല്ലാതിരുന്നതിന്റെയും പിതാവിൽനിന്നു പുറപ്പെടുന്നതെന്നു പറഞ്ഞതിന്റെയും കാരണം പരിശുദ്ധാത്മാവ് ദൈവമല്ല എന്നു പഠിപ്പിച്ച മാസിഡോണിയനിസത്തിനെതിരേ രൂപപ്പെട്ടതായിരുന്നു അത് എന്നതുകൊണ്ടാണ്.

യഥാർഥത്തിൽ, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നതെന്നു പറയുന്നതും പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നതെന്നു പറയുന്നതും ഒരേ യാഥാർഥ്യമാണെന്ന് ഫ്ളോറൻസ് കൗൺസിൽ പഠിപ്പിച്ചു. പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവ് പുറപ്പെടുമ്പോൾ അടിസ്ഥാനപരമായി ഒരു ഉറവിടമേയുള്ളൂ. കാരണം, പിതാവിന്റെ സ്വന്തം മകനായാണ് പുത്രൻ ഈ ഉദ്യമത്തിൽ പങ്കുകാരൻ ആകുന്നത്. പരിശുദ്ധാത്മാവ് ഒറ്റസ്രോതസ്സിൽനിന്നാണ് പുറപ്പെടുന്നത് എന്ന് രണ്ടാം ലിയോൺസ് സൂനഹദോസിന്റെ പ്രഖ്യാപനത്തിന്റെ അർഥവും ഇതുതന്നെയാണ്. ഒരേസത്യംതന്നെ വ്യത്യസ്തരീതിയിൽ പഠിപ്പിക്കുന്നു. പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ കരങ്ങൾ ആണെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (704) പഠിപ്പിക്കുന്നു.

ഫീലിയോക്വേ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിനു വിരുദ്ധമല്ല. എങ്കിലും, ഐക്യത്തിനുവേണ്ടി അത് ഒഴിവാക്കുന്നതു നല്ലതാണെന്ന് പാശ്ചാത്യദൈവശാസ്ത്രജ്ഞർപോലും പറയുന്നു. 1987 ഡിസംബർ ഏഴിന് പത്രിയാർക്കീസ് ദിമിത്രിയോസ് ഒന്നാമനും 1999 ജൂണിൽ ബർത്തലോമിയോ ഒന്നാമൻ പാത്രിയാർക്കീസും റോമിൽവച്ച് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായോടൊപ്പം ദിവ്യബലിയിൽ പങ്കെടുത്തപ്പോൾ മാർപാപ്പാ ഫീലിയോക്വേ ഒഴിവാക്കികൊണ്ടുള്ള വിശ്വാസപ്രമാണമാണു ചൊല്ലിയത്. 1995 ൽ പരിശുദ്ധപിതാവിന്റെ നിർദേശപ്രകാരം 'പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്ത്യൻ യൂണിറ്റി' ഇറക്കിയ രേഖയിൽ പിതാവാണ് ത്രിത്വത്തിന്റെ ഉറവിടം എന്ന പാശ്ചാത്യനിലപാടിനെ അംഗീകരിച്ചേറ്റുപറയുന്നു. പൗരസ്ത്യമെത്രാന്മാരോടൊപ്പം വിശുദ്ധബലി അർപ്പിക്കുമ്പോഴും എക്യുമെനിക്കൽ പ്രാർഥനാസമ്മേളനങ്ങൾ നടത്തുമ്പോഴും വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഫീലിയോക്വേ ഒഴിവാക്കിക്കൊണ്ടാണ് വിശ്വാസപ്രമാണം ചൊല്ലിയിരുന്നത്.

അതേസമയംതന്നെ, ഫീലിയോക്വേ വിശ്വാസപ്രമാണത്തിനെതിരാണെന്ന് പൗരസ്ത്യരും തീർപ്പു കല്പിക്കരുത്. കാരണം; ഫീലിയോക്വേ നിയമാനുസൃതമായും ദൈവശാസ്ത്രപരമായും ശരിയായ ഒരു നിലപാടാണ്. പൗരസ്ത്യകത്തോലിക്കർ ഈ നിലപാടിനെ സ്വീകരിച്ചിരിക്കുന്നു. അതുപോലെ പൗരസ്ത്യഅകത്തോലിക്കർക്കും ഒരു ലത്തീൻ പാരമ്പര്യമായെങ്കിലും ഇത് അംഗീകരിക്കാവുന്നതാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ എഴുതിയ 'ഓറിയൻതാലേ ലൂമെൻ', ഊത് ഊനും സിന്റ്' എന്നീ അപ്പസ്തോലിക ലേഖനങ്ങൾ കത്തോലിക്കാ – ഓർത്തഡോക്സ് ബന്ധങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുന്നവയാണ്. പൗരസ്ത്യപാരമ്പര്യവും ദൈവശാസ്ത്രവും പാശ്ചാത്യലോകം കൂടുതൽ പഠിക്കണമെന്നും അറിയണമെന്നും മാർപാപ്പാ ഇതിൽ ആവശ്യപ്പെടുന്നു.

**അക്ഷരങ്ങൾക്കല്ല പ്രാധാന്യം അർഥത്തിനാണ്**

പിതാവിന്റെയും പുത്രന്റെയും ആത്മാവായ പരിശുദ്ധാത്മാവാണ് ഐക്യത്തിന്റെ നിദാനം. 'എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ പിതാവും പുത്രനും ഉണ്ട്' എന്ന ഫ്ളോറൻസ് കൗൺസിൽ (1274) പഠിപ്പിക്കുന്നു. ഐക്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനെച്ചൊല്ലിയാണ് സഭയിൽ ഏറ്റവും വലിയ വിഭജനമുണ്ടായത്. ഇനി അത് ആവർത്തിക്കുന്നത് അനുവദിക്കാൻ പാടില്ല. വിഭിന്ന അഭിപ്രായങ്ങളും വ്യത്യസ്ത കാഴ്ചപ്പാടുകളും തിരുസ്സഭയിൽ എന്നും ഉണ്ടായിട്ടുണ്ട്. കലഹങ്ങളും വിഭജനങ്ങളുമല്ല അതിനു പരിഹാരം. വാദപ്രതിവാദങ്ങളുടെയും വിഭജനങ്ങളുടെയും അർഥശൂന്യത പിന്നീട് മാത്രമാണു മനസ്സിലാകുക. ഫീലിയോക്വേ വിവാദത്തിൽ കലാശിച്ച പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെ സംബന്ധിച്ച് പാശ്ചാത്യ പൗരസ്ത്യസഭകളിലെ പിതാക്കന്മാർ ഒരേകാര്യംതന്നെയാണ് പഠിപ്പിച്ചത്; വ്യത്യസ്തരീതിയിൽ അവതരിപ്പിച്ചെന്നുമാത്രം. അക്ഷരങ്ങൾക്കല്ല അർഥത്തിനാണ്, വാക്കുകൾക്കല്ല ആത്മാവിനാണ് (sprit) (റോമ. 2:29) പ്രാധാന്യം കൊടുക്കേണ്ടത്. ■

---

## കുടുംബവിളക്ക് 34



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ധനം

ധനത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. കുടുംബത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കും നടത്തിപ്പിനും പണം അത്യന്താപേക്ഷിതമാണ്. ആവശ്യത്തിനുള്ള പണം ഇല്ലാതെവരുമ്പോൾ അതു കുടുംബത്തെ പലവിധത്തിലും ബാധിക്കും. സാമ്പത്തികബുദ്ധിമുട്ട് അംഗങ്ങളുടെ ശാരീരികവും മാനസികവുമായ അസ്വസ്ഥതയ്ക്കു കാരണമാകും. മരത്തിന് ഇലകൾപോലെ വീടിന് ധനം പ്രധാനപ്പെട്ടതാണ്. അക്കാരണത്താൽ ധനസമ്പാദനം അതിനാൽത്തന്നെ ന്യായീകരിക്കപ്പെടുന്ന ഒന്നാണ്.

മാന്യമായ ഉപജീവനമാർഗം തേടാനുള്ള അവകാശവും സ്വാതന്ത്ര്യവും എല്ലാവർക്കുമുണ്ട്. എന്നാൽ, ജീവിക്കുക എന്ന ഉത്തമമായ ലക്ഷ്യസാക്ഷാത്കാരത്തിനുവേണ്ടി അധമമായ മാർഗത്തിലൂടെയുള്ള പണസമ്പാദനം ഒരിക്കലും അംഗീകരിക്കപ്പെടുന്നില്ല. കുടുംബത്തിന്റെ അനുദിനചെലവുകൾക്കു പണം വേണമെന്നിരിക്കിലും അതു നേടുന്ന വഴിയും വിധവുമൊന്നും അന്യായവും സത്യത്തിനു നിരക്കാത്തതുമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതായുണ്ട്. ആവശ്യങ്ങൾ കൂടുമ്പോൾ മനസ്സാക്ഷിക്കു ചേരാത്ത തരത്തിലുള്ള ധനശേഖരണത്തിലേക്കു നീങ്ങാതെ സൂക്ഷിക്കണം. അവിഹിതമായി നേടിയ ഒരു നാണയംപോലും വീട്ടിൽ വന്നു കയറാൻ ഇടയാകരുത്. ഏതൊരു തൊഴിലിനും അതിന്റേതായ മഹത്ത്വമുണ്ട്. ഓരോരുത്തരും ചെയ്യുന്ന ജോലിയിൽ അങ്ങേയറ്റം വിശ്വസ്തതയും സത്യസന്ധതയും പുലർത്തിക്കൊണ്ട് അതിൽനിന്നു ലഭിക്കുന്ന വേതനത്തിലൂടെ കുടുംബം പുലർത്താൻ പരിശ്രമിക്കണം. ധനാസക്തി ആപത്കരമാണ്. സ്വത്താണ് സകലതും എന്നു കരുതരുത്. ധനം മനംകവരാതെ കാക്കണം. സമ്പത്തിലുള്ള സുരക്ഷിതത്വം സുസ്ഥിരമല്ല. പണം കുടുംബത്തിലേക്കു വരുന്ന വഴികൾ മാനംമര്യാദയുള്ളവയായിരിക്കണം. സ്വന്തം വിയർപ്പുകൊണ്ടു സമ്പാദിക്കുന്നവ മാത്രമേ സംതൃപ്തി നല്കുകയുള്ളൂ. അല്ലാത്തവ മുള്ളുപോലെ സദാ കുത്തിനോവിക്കും. വ്യാപാരവ്യവസായങ്ങളിൽ അനുവദനീയമായിട്ടുള്ള ലാഭമെടുക്കുന്നതു ന്യായമാണ്. ന്യായത്തിന്റെ അതിർവരമ്പുകൾ ലംഘിക്കപ്പെടുമ്പോഴാണ് അത് അധാർമികമായി മാറുന്നത്. അർഹമല്ലാത്തതൊന്നും ആവശ്യമില്ല എന്ന മനോഭാവമുണ്ടാകണം. വിവേകത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ പണം അതിന്റെ ഫണം വിടർത്തും. ധനവാന്റെ സ്വർഗപ്രവേശനത്തിനു തടസ്സമായി നിൽക്കുന്നത് അവന്റെ സ്വത്തല്ല, അതു നേടിയെടുക്കുന്നതിലെ പിഴവുകളും പരോപകാരപ്രദമായി ചെലവാക്കുന്നതിലെ പോരായ്മകളുമാണ്. സമ്പത്ത് കുടുംബങ്ങളിൽ സൈ്വരക്കേടിനല്ല, സന്തോഷത്തിനു കാരണമാകട്ടെ. നേർവഴികളിലൂടെ നേടുന്ന ധനംകൊണ്ടു പുലരുന്ന കുടുംബങ്ങളിൽ സമാധാനമെന്ന സമ്പത്ത് സമൃദ്ധമായുണ്ടാകും.

**"ധനത്തിൽ ആശ്രയിക്കരുത്." (പ്രഭാ. 5:1)**

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ശിരശ്ഛേദം

സംസ്കൃതമായാലും മലയാളമായാലും പദങ്ങളുടെ സന്ധി ശരിയാകണമെങ്കിൽ ചേരുന്ന വർണങ്ങളുടെ സ്വഭാവവൈചിത്ര്യങ്ങൾ അറിഞ്ഞിരിക്കണം. ഉപരിപ്ലവമായ നോട്ടംകൊണ്ട് സ്വഭാവസവിശേഷതകൾ അറിയാൻ കഴിയണമെന്നില്ല. ഛ പദമധ്യത്തിൽ ഇരട്ടിക്കണം എന്നൊരു നിയമമുണ്ട്. അതനുസരിച്ച്, ഗള+ഛേദം= ഗളച്ഛേദം എന്നും വൃക്ഷ+ഛായ = വൃക്ഷച്ഛായ എന്നുമാകും. ഛകാരം ഇരട്ടിക്കുക എന്നു പറഞ്ഞാൽ ഛകാരത്തിനു മുമ്പിൽ ച വരും എന്നേ അർഥമാക്കേണ്ടതുള്ളൂ. ഇതു കണ്ടിട്ടാവണം 'ശിരച്ഛേദം' എന്ന് ചിലരെങ്കിലും എഴുതാൻ ഇടയായത്. ഇവിടെ പൂർവപദം 'ശിര' എന്നല്ല; ശിരസ് എന്നാണ്. സന്ധിയിൽ ശിരസ്സ് എന്നതിലെ സകാരത്തെ വിട്ടുകളയാൻ നിയമമില്ല.

സംസ്കൃതത്തിൽ, സകാരതവർഗങ്ങൾ ശകാരതവർഗങ്ങളോട് (പൂർവം പരം എന്നു നിർബന്ധമൊന്നുമില്ലാതെ) ഏതുവിധമെങ്കിലും ചേർന്നുവന്നാൽ ശകാരചവർഗങ്ങളായിട്ടുതന്നെ മാറും എന്നാണു നിയമം. "സതവർഗങ്ങൾ മാറീടും ശചവർഗങ്ങളായി തഥാ"* എന്നു കേരളപാണിനി ഇതിനെ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. അതിൻപ്രകാരം ശിരസ്സ് എന്നതിലെ സകാരം ഛകാരത്തോടു ചേർന്നപ്പോൾ ശകാരമായി മാറി. അങ്ങനെ ശിരസ്+ഛേദം=ശിരശ്ഛേദം എന്നായിത്തീർന്നു. ശിരശ്ഛേദത്തിന് തലവെട്ടൽ എന്നാണർഥം. "ശിരസ്+ഛേദം=ശിരശ്ഛേദം. ഇവിടെ ഛ ഇരട്ടിച്ച് ച്ഛ ആക്കേണ്ടേ എന്നു ചോദിക്കാം. കൂട്ടക്ഷരത്തിൽ ഒരു വർണവും ഇരട്ടിച്ചെഴുതേണ്ട, ഇരട്ടിച്ചു വായിച്ചുകൊള്ളും എന്നാണു സമാധാനം. അധ്യാപകൻ എന്നെഴുതുമ്പോൾ മുമ്പ് ധകാരത്തിനു മുമ്പിൽ ദ് ചേർത്തിരുന്നു (അദ്ധ്യാപകൻ) ധ്യ (ധ്+യ്+അ) കൂട്ടക്ഷരമാകയാൽ ധ ഇരട്ടിച്ചു വായിച്ചുകൊള്ളും എന്ന ന്യായത്തിലാണ് ഇന്ന് അവിടെ 'ദ്' ചേർക്കാത്തത്"** യുക്തിയുക്തമായ ലിപി പരിഷ്കാരങ്ങളെ എതിർത്തിട്ടു കാര്യമില്ലല്ലോ.

* രാജരാജവർമ്മ, ഏ.ആർ. മണിദീപിക, കേരള സാഹിത്യഅക്കാദമി, തൃശൂർ, 1987, പുറം – 37.

** വാസുദേവഭട്ടതിരി, സി.വി. നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം – 133, 134.

പാപ്പച്ചൻ കടമക്കുടി



നോവൽ 27

# ചക്രവർത്തിനി

അവളുടെ മനസ്സിലേക്കൊരു മിന്നൽപ്പിണർ പാഞ്ഞിറങ്ങി. പുകയും തീയുമായത് അകം നിറയെ വേരോടിനിന്നു.

എസ്തേറിന്റെ ചിന്തകൾ അസ്വസ്ഥമായി. ചേക്കേറാൻ ഇടമില്ലാതെ കൂടുവിട്ട പക്ഷിയെപ്പോലെയായി ഹൃദയം. ആലംബമില്ലാത്ത ഊഞ്ഞാൽപോലെ. എങ്ങോട്ടെങ്കിലും ആടിപ്പൊങ്ങിയുലഞ്ഞ് അതു വീണു പോയേക്കാം.

ആഘോഷങ്ങളുടെയും ആഡംബരങ്ങളുടെയും പച്ചത്തുരുത്ത് മനസ്സിൽനിന്ന് ഇരുണ്ടുമാഞ്ഞു പോവുകയാണോ? നെഹമിയ കരയുകയാണ്. അകലെയെങ്ങോ?

തേൻതുള്ളിപോലെ അത് ഇറ്റുവീഴുകയാണ് ഹൃദയത്തിലേക്ക്.

“ഷബാനി എവിടെയാണ്? കുഞ്ഞിന്റെ കരച്ചിൽ അവളറിഞ്ഞില്ലെന്നുണ്ടോ?”

എസ്തേർ തോഴിയെ വിളിച്ചു.

“കുട്ടിയെ കൊണ്ടുവരൂ.”

അവൾ വേഗത്തിൽ കുട്ടിയുടെ അരികിലേക്ക് ഓടിപ്പോയി.

താമസിയാതെ രാജ്ഞിക്കു മുന്നിൽ ഷബാനിയും നെഹാമിയയും എത്തി.

കുഞ്ഞ് അമ്മയുടെ തലയിലും മുഖത്തും മാന്തിക്കളിക്കുകയാണ്. ഷബാനി അവനെ പിടിച്ചൊതുക്കാൻ നന്നേ പാടുപെടുന്നു.

“ഇവനെക്കൊണ്ടു ഞാൻ തോറ്റുട്ടോ.”

ഷബാനി ചിരിച്ചു.

“നീ ഇങ്ങു കൊണ്ടുവാ. അവനെ ഞാനൊന്നെടുക്കട്ടെ.”

എസ്തേർ എഴുന്നേറ്റു.

ഷബാനി കുഞ്ഞിനെ കൈമാറി. നെഹമിയ ചിരിച്ചുതുള്ളിക്കൊണ്ട് രാജ്ഞിയുടെ കൈയിലേക്കു ചാടിവീണു. അവളുടെ ഉടുപ്പിൽ പിടിച്ചുവലിച്ചു. ശിരോവസ്ത്രം താഴേക്കു ബലമായി താഴ്ത്തി. കിലുങ്ങിയാടുന്ന കമ്മലിൽ കുഞ്ഞുകൈ പരതിനടന്നു. പിന്നെ കൈകൾ ചെവിയിലും കവിളിലും തൊട്ടുഴിഞ്ഞ് മൂക്കിൻതുമ്പുവരെയെത്തി. അപ്പോൾ ആ കുഞ്ഞിക്കൈകളിലൊരു കടികൊടുത്തുകൊണ്ട് അവൾ വാത്സ്യല്യത്തോടെ വിളിച്ചു:

“അമ്പടാ കള്ളാ..!”

എസ്തേർ അവനെ നോക്കി പൊട്ടിച്ചിരിച്ചു.

കണ്ടുനിന്ന തോഴിമാരും അതാസ്വദിക്കുകയാണ്.

“ശ്രദ്ധിച്ചോളണേ. നിന്റടുത്തു വന്നാൽ അവനതു സാധിക്കും.”

ഷബാനി ചിരിച്ചുകൊണ്ട് കളിയാക്കി.

“ഒന്നു പോടീ. ഇവനെന്റെ കുഞ്ഞാ. അല്ലേടാ മോനേ?”

രാജ്ഞി കൃത്രിമകോപത്തോടെ ഷബാനിയോടെതിർത്തു.

തുടർന്ന് കുഞ്ഞിനെ കൊഞ്ചിച്ചുകൊഞ്ചിച്ചു കളിപ്പിച്ചു.

കൈകളിൽ പിടിച്ചുയർത്തിയിട്ട് വയറ്റത്ത് മുഖമുരസി. കുഞ്ഞുനെഹമിയ പൊട്ടിപ്പൊട്ടിച്ചിരിച്ചു. അങ്ങനെ ആവർത്തിച്ചാവർത്തിച്ചു കിക്കിളികൂട്ടാൻ കുഞ്ഞ് നിന്നുകൊടുത്തു.

കുറച്ചു കഴിഞ്ഞപ്പോൾ കളിയൊക്കെ മാറി. എന്തു കിട്ടിയാലും വലിച്ചെറിഞ്ഞുകൊണ്ട് കരയാൻ തുടങ്ങി.

“വിശന്നിട്ടാവും.”

എസ്തേർ പറഞ്ഞു.


മുലയൂട്ടുന്ന സ്ത്രീ വളരെ വേഗത്തിൽ ഓടിവന്നു. അവൾ കുട്ടിയെ എടുത്തുകൊണ്ടുപോകാൻ തുടങ്ങിയപ്പോൾ ഷബാനി തടഞ്ഞു.

“വേണ്ട. ഇപ്പോൾ ഞാൻ കൊടുത്തോളാം.”

അവൾ കുഞ്ഞിനെ തിരികെ വാങ്ങി കട്ടിലിന്റെ മൂലയിലിരുന്ന് മുലകൊടുക്കാൻ തുടങ്ങി.

കുഞ്ഞ് തളിരധരങ്ങളാൽ പാൽ വലിച്ചുകുടിക്കുകയാണ്. മെല്ലെമെല്ലെ കൈകൊണ്ട് അമ്മയുടെ മുഖത്തും മാറിടത്തിലും മാറിമാറി തല്ലിക്കളിക്കുന്നുമുണ്ട്. എസ്തേർ അമ്മയെയും കുഞ്ഞിനെയും കണ്ണിമയ്ക്കാതെ നോക്കിനിന്നു. കുഞ്ഞ് മന്ദംമന്ദം, മയക്കത്തിലേക്കു വീഴുകയാണ്.

ഷബാനീ...! നീയെത്ര ഭാഗ്യവതി. നിന്റെ വ്യഥകളുടെ കയ്പുനീർ മുലപ്പാലിന്റെ മധുരമാക്കി കുഞ്ഞിനു പകരുന്നില്ലേ? നഷ്ടങ്ങളുടെ, സങ്കടങ്ങളുടെ ഭൂതകാലത്തെ കുഞ്ഞിക്കുറുമ്പുകൾ കൊണ്ടു മൂടിവെക്കുന്നില്ലേ?



“കുഞ്ഞുറങ്ങി. ഞാനിവനെ കിടത്തിയിട്ടുവരാം.”

ഷബാനി കുഞ്ഞിനെ തോളിലിട്ട് കുഞ്ഞിത്തുടയിൽ താളംപിടിച്ചു, ഏതോ പാട്ടുംമൂളിക്കൊണ്ടു നടക്കാൻ തുടങ്ങി.

എസ്തേർ യാന്ത്രികമായി സമ്മതിച്ചു.

അവളുടെ മുന്നിൽ രണ്ടമ്മമാരുണ്ട്.

ഭ്രാന്തുകളിലേക്കു കൂപ്പുകുത്തിപ്പോയ ഒരമ്മ. പെറ്റുവളർത്തിയവരൊക്കെ കൺമുന്നിൽ നഷ്മാവുന്നതുകണ്ട് മനസ്സാടിപ്പോയവൾ.

ഭ്രാന്തുകൾക്കുള്ളിൽനിന്നു വെളിച്ചത്തിലേക്ക് ഉണർന്ന മറ്റൊരമ്മ. പെറ്റതിനെ വളർത്താനായി നഷ്ടമായതിനെ മൂടിവയ്ക്കാൻ മനസ്സിനെ പാകപ്പെടുത്തിയവൾ.

പിന്നിലുമുണ്ട് മൂന്നാമതൊരമ്മ. നഷ്ടമായതിനുപകരം ഭർത്തൃസഹോദരപുത്രിയെ സ്വന്തം മകളാക്കാൻ മനസ്സിനെ പഠിപ്പിച്ചൊരമ്മ. ഉള്ളിൽ തിളയ്ക്കുന്ന സ്നേഹം കാത്തുവച്ചു പിശുക്കിപ്പിശുക്കി നല്കി കൊതിപ്പിക്കുന്നൊരമ്മ.

അമ്മമാർക്കെല്ലാം ഒരേ മുഖമാണ്. ഒരേ സ്വരമാണ്. ഒരേ താളമാണ്.

മക്കളാണു ലോകം.
മക്കളാണു ജീവൻ.
അമ്മ സത്യമാണ്!

അമ്മ വാത്സല്യമാണ്....

അമ്മമാരുടെ സന്തോഷങ്ങളെല്ലാം മക്കളെപ്രതിയാണ്.

അവരുടെ നൊമ്പരങ്ങളും മക്കളെപ്രതിയാണ്.

ഇതിൽ ഏതമ്മയാണു ശരി?

ഏതമ്മയാണു തെറ്റ്?

വാസ്തവത്തിൽ അമ്മമാരുടെ പരീക്ഷയിൽ ശരിയും തെറ്റുമില്ല. എല്ലാവരും ശരിചെയ്യുന്നു അഥവാ എല്ലാവരും തെറ്റു ചെയ്യുന്നു.

ശരിതെറ്റുകൾക്കിടയിലെ യാഥാർഥ്യത്തിന്റെ നൂൽപ്പാലത്തിലൂടെയാണ് അമ്മമ്മാരുടെ ജീവിതം. ബലംകുറഞ്ഞ ആ പാലത്തിലൂടെ നടക്കുമ്പോൾ,പാദം എടുത്തുയർത്തിവയ്ക്കുമ്പോൾ ഒന്നിടറിയാൽമതി. എല്ലാം തകരും. അഗാധതയിൽ ക്രൂരജന്തുക്കൾ മേയുന്ന ഇരുളിലേക്കു വീണുപോവും.

ഇല്ലെങ്കിൽ വാഗ്ദാനങ്ങളുടെ, പ്രതീക്ഷകളുടെ സുഗന്ധംപരത്തുന്ന ഉദ്യാനങ്ങളിലക്ക് ഇളംകാറ്റിനൊപ്പം നടന്നണയാം.

സന്തോഷം പൊതിഞ്ഞ പൂവുകളെ സൗമ്യമായി ആസ്വദിക്കാം.

മുള്ളുകൾക്കും മുരടുകൾക്കുമിടയിൽ. അവിടെയുമുണ്ട് ഒളിഞ്ഞിരിക്കുന്ന തേൾവിഷമുനകൾ.

അമ്മമാർ സന്തോഷമാണ്, പക്ഷേ, അവർ സ്വയം സങ്കടങ്ങളുമാണ്.

മനസ്സിനു തീപിടിച്ച ഒരു രാത്രി.

അന്തപ്പുരത്തിൽ മഹാരാജാവിനോടൊത്തു ശയിക്കുകയാണ് എസ്തേർ. തന്റെ ലാളനയും പരിരക്ഷയും സ്നേഹവുമെല്ലാം മുഴുവനായും രാജ്ഞിയിലേക്കൊഴുക്കാൻ സദാ ജാഗരൂകനാണ് അഹസ്വേരുസ് ചക്രവർത്തി.

അവളുടെ മുഖം വാടാതെ നോക്കണം. നൊമ്പരത്തിന്റെ ചീളുപോലും എത്താതെ ശ്രദ്ധിക്കണം.

ഇത്രയേറെ തന്റെ ഹൃദയം കവർന്ന ഒരാളുണ്ടായിട്ടില്ല. അന്തപ്പുരത്തിലെ ഉപനാരിമാരുടെ ലീലാവിലാസങ്ങളിൽ ശരീരം മാത്രമേയുള്ളൂ. പ്രീതിപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തോടെയല്ലാതെ അവരാരും ഹൃദയം പകർന്നിട്ടില്ല. പക്ഷേ...!

മഹാരാജ്ഞി എസ്തേർ വ്യത്യസ്തയാണ്.

“എനിക്കൊരു അപേക്ഷയുണ്ട് മഹാരാജൻ!”

എസ്തേർ എന്തോ പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ ഉള്ളം ത്രസിച്ചു.

“രാജ്ഞി എന്നോട് അപേക്ഷിക്കുകയോ, ആവശ്യപ്പെട്ടാൽപ്പോരെ? എന്തായാലും ഞാനതു നല്കില്ലേ?”

അഹസ്വേരുസ് മനസ്സു തുറന്നു.

“ഇതു കേട്ടാൽ അങ്ങ് തടയരുത്. ഇഷ്ടമില്ലെങ്കിൽപ്പോലും.”

രാജ്ഞിയുടെ മുഖവുര രാജാവിനെ ആകാംക്ഷയുടെ മുൾമുനയിൽനിർത്തി.

“നീ പറയുന്നതിനോട് എനിക്ക് ഇഷ്ടക്കേടുണ്ടാകില്ല. പറഞ്ഞോളൂ.”

രാജാവ് പ്രോത്സാഹിപ്പിച്ചു. രാജ്ഞി കിടക്കയിൽ എഴുന്നേറ്റിരുന്നു.

“അങ്ങെനിക്കു വാക്കു തരണം.”

അവളുടെ കൈകൾ മഹാരാജാവിന്റെ ഇരുകവിളും കവർന്നു.

അദ്ദേഹത്തിന്റെ ഹൃദയം അലിഞ്ഞുപോയി.

“ഇതാ വാക്കു തരുന്നു.”

രാജാവ് സമ്മതം മൂളി.

എസ്തേർ മഹാരാജാവിന്റെ നെഞ്ചോടുചേർന്നു കിടന്നു.

ഹൃദയമിടിപ്പ് ചെവികളിൽ വന്നുതട്ടുന്നുണ്ട്.

ആ താളത്തിന്റെ പശ്ചാത്തലത്തിൽ പതുക്കെ മൊഴിഞ്ഞു.

“മഹാരാജൻ, എന്റെ മനസ്സു നിറയെ ആശങ്കയും ആകാംക്ഷയുമാണ്. അതില്ലാതാക്കാനായി എനിക്ക് ഒരാളെ കാണാനുണ്ട്.”

“ആരെ?”

രാജാവ് ആകാംക്ഷ പൂണ്ടു.

“അതു രഹസ്യമാണ്. പക്ഷേ, പോയേപറ്റൂ.”

രാജ്ഞി നിർബന്ധം പിടിച്ചു.

“എങ്കിൽ ഞാനും കൂടെ വരാം.”

രാജാവു പറഞ്ഞു.

“എന്റെ മനസ്സിന്റെ ഭാരമിറക്കാൻ ഞാനൊറ്റയ്ക്കല്ലേ പോകേണ്ടത്? അങ്ങയുടെ കാരുണ്യം ഉണ്ടായാൽ മതി. പോയിവരുമ്പോൾ എല്ലാ രഹസ്യവും പരസ്യമാകും.”

എസ്തേർ മഹാരാജാവിന്റെ കണ്ണുകളിലേക്കുറ്റു നോക്കി. ഒരു നേരിയ പുഞ്ചിരിയുണ്ട് ചുണ്ടിലിരുന്നു കളിക്കുന്നു.

“പക്ഷേ, ഞാനൊറ്റയ്ക്കല്ല, തോഴിമാരും ഷണ്ഡന്മാരും പട്ടാളക്കാരുമടങ്ങിയ അങ്ങയുടെ ജോലിക്കാരുടെ സംരക്ഷണയിലാണ് യാത്ര.”

രാജ്ഞിയുടെ അനുനയവാക്കുകളിൽ രാജാവു വീണു.

“എസ്തേർ, നിന്നെ എനിക്കു മനസ്സിലാവുന്നില്ല. നീയൊരു അദ്ഭുതമാണ്. ഏതായാലും ആഗ്രഹമല്ലേ നടക്കട്ടെ.”

സമ്മതം കൊടുക്കുമ്പൊഴും അഹസ്വേരുസിന്റെ മനസ്സ് ചഞ്ചലമായിരുന്നു.

രാജ്ഞി അത്യാഹ്ലാദത്തോടെ രാജാവിന്റെ മാറിലേക്കു ചാഞ്ഞുവീണു. ഉമ്മകളാൽ അദ്ദേഹത്തെ പൊതിഞ്ഞു.

“അങ്ങ് എന്റെ സമാധാനമാണ്. ഇനി ഞാൻ അങ്ങയെ എങ്ങനെയാണു സന്തോഷിപ്പിക്കേണ്ടത്?”

രാജാവിന്റെ കരങ്ങൾ രാജ്ഞിയുടെ പിന്നിലൂടെ വന്ന് ഒരു വലയം തീർത്തു.

പിറ്റേന്ന് അത്യാവശ്യം ജോലിക്കാരുമായി രാജ്ഞി യാത്രയ്ക്കൊരുങ്ങി. മഹാരാജാവിനല്ലാതെ മറ്റൊരാൾക്കും ഈ യാത്രയെക്കുറിച്ച് അറിയില്ല. യാത്രയ്ക്കൊപ്പം ഹഗായിയെയും രാജാവിന്റെ ഷണ്ഡൻ ഹാഥാനെയും ഉൾപ്പെടുത്തി. അവശ്യം വേണ്ട തോഴിമാരും അടിമകളും പട്ടാളക്കാരും അടങ്ങുന്ന ഒരു സംഘം.

നേതൃത്വം ഹഗായിയെ ഏല്പിച്ചു. വഴികാട്ടേണ്ടതും അവനാണ്.

അവനോടുമാത്രമാണ് രാജ്ഞി ചെന്നെത്തേണ്ട സ്ഥലത്തെക്കുറിച്ചു സൂചിപ്പിച്ചത്. അതുകേട്ടു കണ്ണുതള്ളിനിന്ന അവനോടു രാജ്ഞി ഗൗരവത്തിൽ ആജ്ഞാപിച്ചു.

“ഇതെന്റെ കല്പനയാണ്, നീയല്ലാതെ മറ്റാരും ലക്ഷ്യത്തിലെത്തുംമുമ്പ് ഇതറിയാൻ ഇടവരരുത്.”

അവൻ ഭയബഹുമാനങ്ങളോടെ തലകുലുക്കി.

മഹാരാജാവിന്റെ സമ്മതത്തോടെയും ആശീർവാദത്തോടെയുമാണ് യാത്രയാരംഭിച്ചത്.

യാത്രാസംഘത്തിലെ രണ്ടുപേർക്കൊഴികെ മറ്റാർക്കുമറിയില്ല ലക്ഷ്യം.

*(തുടരും)*




**ജൂൺ 2**
**ശ്ലീഹാക്കാലം**
**മൂന്നാം ഞായർ**

പുറ 23:20–26
യോനാ 4:1–11
റോമാ 15:14–21
ലൂക്കാ 9:1–6



# ദൈവികശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്നവർ



**ഫാ. ഡോ. തോമസ് വടക്കേൽ**

**ദൈ**വമായ കർത്താവു തനിക്കു വേണ്ടി ദൂതന്മാരെ അയയ്ക്കാറുണ്ട്. കൂടാതെ, തന്റെ ശുശ്രൂഷയ്ക്കായി അനേകരെ പ്രത്യേകമായി വിളിക്കുകയും തിരഞ്ഞെടുക്കുകയും ദൗത്യം നൽകി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈശോമിശിഹായും തന്റെ ശുശ്രൂഷകളുടെ നിർവഹണത്തിനായി ശ്ലീഹന്മാരെ തിരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്. ഈ ആഴ്ചയിലെ വായനകളെല്ലാം ദൗത്യവുമായുള്ള അയയ്ക്കലിനെക്കുറിച്ചാണു പ്രതിപാദിക്കുന്നത്.

ഒന്നാം വായനയിൽ (പുറ. 23:20–26) ഇസ്രയേൽജനത്തെ വാഗ്ദത്തഭൂമിയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അയയ്ക്കപ്പെട്ട ദൂതനെക്കുറിച്ചും; രണ്ടാം വായനയിൽ (യോനാ 4:1–11) പുതിയ ജീവിതയാത്രയ്ക്കായി യോനായെ ഒരുക്കുന്ന ദൈവത്തെക്കുറിച്ചും അവിടുത്തോടു സംഭാഷണം നടത്തുന്ന യോനായെക്കുറിച്ചും; മൂന്നാം വായനയിൽ (റോമ. 15:14–21) ദൈവകൃപയാൽ വിജാതീയരുടെ അടുക്കലേക്കു സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കപ്പെട്ട പൗലോസിനെക്കുറിച്ചും; നാലാം വായനയിൽ (ലൂക്കാ 9:1–6) ദൈവരാജ്യം പ്രഘോഷിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി ഈശോ അയയ്ക്കുന്ന ശിഷ്യന്മാരെക്കുറിച്ചും നാം ധ്യാനിക്കുന്നു. അയയ്ക്കപ്പെടുന്നത് ദൈവഹിതം പ്രാവർത്തികമാക്കാനാണ്. എല്ലാ അയയ്ക്കപ്പെടലുകൾക്കും ഒരു ദൗത്യമുണ്ട്. ഇതാണ് എല്ലാ വായനകളുടെയും പ്രധാന പ്രമേയം.

**പുറപ്പാട് 23:20–26:** ഇസ്രയേൽജനത്തിന്റെ യാത്രയിലുടനീളം ദൈവത്തിന്റെ ഇടപെടലുകൾ ഉണ്ടായിരുന്നു. അവരുമായി ഉടമ്പടി സ്ഥാപിച്ച ദൈവം ഉടമ്പടിയുടെ നിബന്ധനകളും അവരെ അറിയിച്ചു. ഉടമ്പടിയിൽ വാഗ്ദാനങ്ങളും താക്കീതുകളുമുണ്ടായിരുന്നു. ഇന്നത്തെ വായനയിൽ നാം ശ്രവിക്കുന്നത് ഉടമ്പടിയിൽ ഏർപ്പെട്ട ജനത്തോടുകൂടെ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടായിരിക്കുമെന്ന അറിയിപ്പും ഇസ്രയേൽജനം നടക്കേണ്ട വഴികളെക്കുറിച്ചുള്ള നിർദേശങ്ങളുമാണ്. ഉടമ്പടിപ്രകാരം ഇസ്രയേൽജനം വാഗ്ദത്തനാട്ടിലേക്കു യാത്രതിരിക്കുമ്പോൾ ജനത്തിനു സംരക്ഷണം നൽകാൻ ദൈവം അവിടുത്തെ ദൂതനെ അയയ്ക്കുന്നുണ്ട്. 'മാലാഖാ, ദൂതൻ' എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ 'മലക്' എന്ന വാക്ക് ദൈവസാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്. കർത്താവാണ് ഇസ്രയേൽജനത്തെ നയിക്കുന്നതെന്ന സൂചനയാണിത്. ദൂതന്റെ ഉത്തരവാദിത്വം ജനത്തെ സംരക്ഷിക്കുകയെന്നതും അവരെ കർത്താവ് ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്ക് എത്തിക്കുകയെന്നതുമാണ്. 'ഷമാർ' എന്ന ഹീബ്രുപദത്തിന്റെ അർഥം 'guard' എന്നാണ്. ദൂതൻ ഇവിടെ ഒരു guardian ആണ്. സംരക്ഷണം നൽകുകയെന്നതാണ് ദൗത്യം. ഇസ്രയേൽജനത്തിനായി ദൈവം ഒരുക്കിയിരിക്കുന്ന സ്ഥലം വാഗ്ദത്തഭൂമിയായ കാനാൻദേശമാണ്.

എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് ദൈവം ജനത്തോടു സംസാരിക്കുന്നുണ്ട്. ഒന്നാമതായി, ജനം ദൈവദൂതന്റെ വാക്കുകൾ ശ്രവിക്കണം. അനുസരണത്തിന്റെ വഴികളെക്കുറിച്ചുള്ള പ്രബോധനംതന്നെയാണിത്. ഹീബ്രുഭാഷയിലെ 'ഷമാ' എന്ന വാക്കിന്റെ അർഥം 'കേൾക്കുക, അനുസരിക്കുക, മനസ്സിലാക്കുക' എന്നൊക്കെയാണ്. അനുസരണക്കേടു കാണിച്ച് ദൈവത്തിന്റെ ദൂതനെ പ്രകോപിപ്പിക്കരുതെന്ന് വളരെ പ്രത്യേകമായി ജനത്തെ കർത്താവ് ഓർമിപ്പിക്കുന്നുണ്ട്. അനുസരിക്കുമ്പോഴാണ് അനുഗ്രഹമുണ്ടാകുന്നത്; അല്ലാത്തപക്ഷം ദൈവകോപത്തിനവൻ ഇരയാകും.

കാനാൻദേശത്തെ ജനങ്ങളോടും അവരുടെ ആരാധനാരീതികളോടും എപ്രകാരമുള്ള നിലപാടു സ്വീകരിക്കണമെന്നതിനെക്കുറിച്ചു പറയുമ്പോൾ വളരെ പ്രത്യേകമായ ഒരു നിർദേശം നൽകുന്നുണ്ട്: നീ അവരുടെ ദേവന്മാരെ കുമ്പിടുകയോ ആരാധിക്കുകയോ ചെയ്യരുത്. അവരുടെ ആചാരങ്ങൾ അനുകരിക്കരുത് (23:24). 'ഷഹാഹ്' എന്ന ഹീബ്രുപദത്തിന്റെ അർഥം bow down, worship എന്നൊക്കെയാണ്. ആരാധന ദൈവമായ കർത്താവിനുമാത്രമുള്ളതാണ്. നാം കുമ്പിടേണ്ടതും ആരാധന അർപ്പിക്കേണ്ടതും ദൈവമായ കർത്താവിനുമുമ്പിൽ മാത്രമായിരിക്കണം.

**യോനാ 4:1–11:** പ്രേഷിതദൗത്യത്തിൽനിന്ന് ഒളിച്ചോടാൻ ശ്രമിച്ചെങ്കിലും യോനാ ദൈവഹിതത്തിനു വിധേയപ്പെട്ടു പ്രേഷിതദൗത്യം നിർവഹിച്ചു. പശ്ചാത്തപിച്ച നിനവേജനതയോട് ദൈവം കരുണ കാണിച്ചപ്പോൾ യോനാ അതിൽ കുപിതനായി. അസംതൃപ്തി നിറഞ്ഞ യോനായെ തന്റെ യഥാർഥ പ്രേഷിതദൗത്യമെന്തായിരുന്നുവെന്നും ദൈവം എപ്രകാരമാണ് പ്രവർത്തിക്കുകയെന്നും പഠിപ്പിക്കുകയാണിവിടെ.

എന്താണ് യോനായുടെ രോഷത്തിനു കാരണം? തന്റെ ശത്രുദേശമായ നിനവേക്കാർക്കു ദൈവകാരുണ്യം ലഭിച്ചു; അവർ ദൈവശിക്ഷയിൽനിന്നു വിമോചിതരായി. തന്റെ യഥാർഥ പ്രേഷിതദൗത്യം എന്താണെന്ന് യോനാ പൂർണമായി തിരിച്ചറിയാത്തതിനാലാണ് അദ്ദേഹം ഇത്രമാത്രം കോപിഷ്ഠനായത്. അയയ്ക്കപ്പെട്ട യോനായുടെ ദൗത്യം നിനവേക്കാരുടെ മാനസാന്തരമായിരുന്നു. എന്നാൽ, യോനായുടെ ആഗ്രഹം അവരുടെ നാശമായിരുന്നു. അയയ്ക്കപ്പെട്ട ഏവരും ദൈവഹിതത്തിനു വിധേയപ്പെട്ടു ശുശ്രൂഷ ചെയ്യണം. ഓരോരുത്തരുടെയും വ്യക്തിപരമായ സ്ഥാപിതതാത്പര്യങ്ങളല്ല വിജയിക്കേണ്ടത്; മറിച്ച്, ദൈവഹിതമാണ്.

ദൈവം യഥാർഥത്തിൽ ദയാലുവും കാരുണ്യവാനും ക്ഷമാശീലനും സ്നേഹനിധിയും ശിക്ഷിക്കുന്നതിൽ വിമുഖനുമാണ് (4:2). യോനായുടെ സ്വഭാവരീതിയും ദൈവത്തിന്റെ പ്രകൃതിയും വിഭിന്നങ്ങളാണ്. യോനാ തന്റെ ബദ്ധശത്രുവിന്റെ പതനം ആഗ്രഹിക്കുമ്പോൾ, ദൈവം ആഗ്രഹിക്കുന്നത് മാനസാന്തരപ്പെട്ടുവന്നവന്റെ രക്ഷയാണ്. യോനാ ഇടുങ്ങിയ മനസ്സിന്റെ ഉടമയാണ്. അയയ്ക്കപ്പെടുന്ന എല്ലാവരും മറ്റുള്ളവരുടെ രക്ഷയും നന്മയും ആഗ്രഹിക്കുന്നവരാകണമെന്ന ഒരു ഓർമപ്പെടുത്തൽ ഇവിടെ കാണുന്നുണ്ട്. ഇടുങ്ങിയ ചിന്താഗതിയിൽനിന്നു വിശാലമായിട്ടുള്ള ജീവിതശൈലിയിലേക്കും ഹൃദയഭാവത്തിലേക്കും കടന്നുവരേണ്ടവരാണ് അയയ്ക്കപ്പെടുന്ന ഓരോ വ്യക്തിയും.

**റോമാ 15:14–21:** റോമാ സന്ദർശിക്കുന്നതിനുമുമ്പേ പൗലോസ് ശ്ലീഹാ റോമൻസഭയിലെ അംഗങ്ങളുമായി സംവദിക്കുകയാണ് റോമാലേഖനത്തിൽ. ദൈവശാസ്ത്രപരവും പ്രായോഗികവുമായ ദർശനങ്ങൾ പൗലോസ് ഇവിടെ പങ്കുവയ്ക്കുന്നുണ്ട്. ഇന്നത്തെ വായനയിൽ തന്റെ യാത്രകളെക്കുറിച്ച്, തന്റെ ശുശ്രൂഷയെക്കുറിച്ച് പൗലോസ് റോമാനിവാസികളോടു വിവരിക്കുകയാണ്. ഇതൊരു ഓർമപ്പെടുത്തലാണ് (14:15). 'ഓർമ പുതുക്കുക, വീണ്ടും ചിന്തിക്കുക' എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ 'എപ്പനാമിമ്നെസ്കോ' (epanamimnesko) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. റോമായിലെ വിശ്വാസികൾക്കുള്ള ശ്ലീഹായുടെ ഒരു ഓർമപ്പെടുത്തലാണ് ഈ വാക്കുകൾ.

വിജാതീയർക്കുവേണ്ടി ശുശ്രൂഷ ചെയ്യാൻ ദൈവകൃപയാൽ താൻ അയയ്ക്കപ്പെട്ടിരിക്കുകയാണെന്ന് ശ്ലീഹാ ഇവിടെ സമർഥിക്കുന്നുണ്ട് (14:16). ഗ്രീക്കുഭാഷയിലെ 'ലൈത്തുർഗോസ്' (leitourgos) എന്ന പദത്തിന്റെ ഉപയോഗത്തിലൂടെ താൻ ഒരു 'ശുശ്രൂഷകൻ' ആണെന്നാണ് പൗലോസ് പറയുന്നത്. തന്റെ ശുശ്രൂഷയുടെ ഉദ്ദേശ്യം വിജാതീയരുടെ പവിത്രീകരണമാണ്.

പൗലോസിന്റെ അപ്പസ്തോലികശുശ്രൂഷയെ അദ്ദേഹം വിളിക്കുന്നത് 'പുരോഹിതശുശ്രൂഷ' എന്നാണ്. ഗ്രീക്കുഭാഷയിലെ 'ഹിയെരൂർഗെയോ' (hierourgeo) എന്ന പദത്തിന്റെ അർഥം 'minister in sacred service' എന്നാണ്. ഇതു ദൈവശുശ്രൂഷയാണ് എന്ന ബോധ്യം പൗലോസിനുണ്ടായിരുന്നു. ഈ ദൈവികശുശ്രൂഷയിലാണ് പൗലോസ് അഭിമാനം കണ്ടെത്തുന്നതും. ഗ്രീക്കുഭാഷയിലെ 'കൗകെസിസ്' (kauchesis) എന്ന പദത്തിന്റെ ഉപയോഗം ഭാവാത്മകമായ അർഥത്തിലാണ്. 'അഹങ്കാരം' എന്നതിനപ്പുറത്ത് 'അഭിമാനം' എന്നാണ് ഇത് അർഥമാക്കുന്നത്.

താൻ അയയ്ക്കപ്പെട്ട വഴികളെക്കുറിച്ച് പൗലോസ് പങ്കുവയ്ക്കുന്നുണ്ട്: ജറുസലെം തുടങ്ങി ഇല്ലിറിക്കോൺവരെ ചുറ്റിസഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷം പൂർത്തിയാക്കി. ഇസ്രയേൽദേശംമുതൽ ഇറ്റലിവരെയുള്ള നീണ്ട ഒരു യാത്രയെക്കുറിച്ചുള്ള സൂചനയാണിത്. പൗലോസിന്റേത് ഒരു extended mission ആയിരുന്നു, പ്രത്യേകിച്ച് വിജാതീയദേശങ്ങളിലേക്ക്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു മിഷൻശുശ്രൂഷയായിരുന്നു പൗലോസിന്റേത്.

**ലൂക്കാ 9:1–6:** താൻ തിരഞ്ഞെടുത്ത തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും പ്രേഷിതദൗത്യവുമായി ഈശോ അയയ്ക്കുന്നതാണ് വായനയുടെ പശ്ചാത്തലം. പ്രധാനമായും രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ് ശിഷ്യന്മാരെ അയയ്ക്കുന്നത്: 1) ദൈവരാജ്യം പ്രസംഗിക്കുക; 2) രോഗികളെ സുഖപ്പെടുത്തുക (9:2). 'കെറുസോ' (kerusso) എന്ന ഗ്രീക്കു ക്രിയാപദത്തിന്റെ അർഥം പ്രഘോഷിക്കുക, പ്രഖ്യാപിക്കുക, ഉറക്കെപ്പറയുക എന്നൊക്കെയാണ്. 'ദൈവരാജ്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മിശിഹായെയും അവിടുത്തെ വചനങ്ങളെയുമാണ്. മിശിഹായെ ഉച്ചത്തിൽ വിളിച്ചുപറയുകയാണ് ഒന്നാമത്തെ ദൗത്യം. 'ഇയോമായ്' (iaomai) എന്ന വാക്കിന്റെ അർഥം 'വീണ്ടെടുക്കുക, സുഖപ്പെടുത്തുക, പുതുതാക്കുക, വിമോചിപ്പിക്കുക' എന്നൊക്കെയാണ്. രോഗത്തിൽനിന്നും വിവിധ ബന്ധനങ്ങളിൽനിന്നും ജനത്തെ വിമോചിപ്പിക്കുകയാണ് ശ്ലീഹന്മാരുടെ രണ്ടാമത്തെ ദൗത്യം.

ഈ ശുശ്രൂഷകളുടെ നിർവഹണത്തിനു പോകുമ്പോൾ ഈശോ അവർക്കു പ്രത്യേകമായി നൽകുന്നത് 'പിശാചുക്കളുടെമേലുള്ള അധികാരവും ശക്തി'യുമാണ് (9:1). 'ദൈയ്മോണിയോൻ (daimonion) എന്നത് evil spirit ആണ്. അതു ദൈവത്തിനെതിരേ പ്രവർത്തിക്കുന്ന ശക്തിയാണ്. ദൈവരാജ്യപ്രഘോഷണത്തിനു തടസ്സം നിൽക്കുന്ന വ്യക്തിയാണു പിശാച്. അവയെ നിർമാർജനം ചെയ്യാൻവേണ്ടിയാണ് ശിഷ്യന്മാർക്കു ശക്തിയും (power) അധികാരവും (authority) നൽകിയത്. ശിഷ്യന്മാരുടെ പ്രവർത്തനം ദൈവശക്തിയാലും ദൈവികാധികാരത്താലുമുള്ളതാണ്. ഇതു വെറും മാനുഷികമല്ല.

ശിഷ്യന്മാർ എപ്പോഴും യാത്ര ചെയ്യേണ്ടത് ദൈവത്തിൽ ആശ്രയിച്ചുകൊണ്ടാണ്. അക്കാരണത്താലാണ് ഈശോ ശിഷ്യന്മാർക്കു ചില പ്രത്യേക നിർദേശങ്ങൾ നൽകുന്നത്: യാത്രയ്ക്കു വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത്. രണ്ട് ഉടുപ്പും ഉണ്ടായിരിക്കരുത് (9:3). യാത്ര സുരക്ഷിതമാക്കാൻ സാധാരണമായി കൈയിൽ കരുതുന്ന ഒന്നും എടുക്കേണ്ടതില്ല എന്നതിന്റെ അർഥം ദൈവം തുണയ്ക്കും എന്നുള്ളതാണ്. ദൈവകൃപയിൽ ആശ്രയിക്കുന്നവന് ഒന്നിനെക്കുറിച്ചും ആവലാതി വേണ്ടതില്ല. ■

# കേജ്‌രിവാൾ ഗ്യാരന്റികൾ ഇന്ത്യാമുന്നണിക്കു ഗുണം ചെയ്യുമോ?



അനിൽ ജെ. തയ്യിൽ

**ചാ**രം മൂടിയ തീക്കനൽ കാട്ടുതീയായി കത്തിപ്പടരുന്ന അപ്രതീക്ഷിതത്വത്തിനാണ് ഇന്ത്യ ഇപ്പോൾ സാക്ഷ്യംവഹിക്കുന്നത്. നിശ്ശബ്ദനാക്കാനായി മോദിഭരണകൂടം ജയിലിന്റെ ഇരുളിലേക്ക് എറിഞ്ഞ അരവിന്ദ് കെജ്‌രിവാൾ ദേശീയ നായകനെന്നവണ്ണം ഉയർന്നു വിലസിക്കൊണ്ടാണ് ഇടക്കാലജാമ്യത്തിലൂടെ ജയിലഴികൾക്കു പുറത്തേക്ക് എത്തുന്നത്. നാലാം ഘട്ട വോട്ടെടുപ്പിലെ തിരഞ്ഞെടുപ്പുതാരം അരവിന്ദ് കേജ്‌രിവാൾതന്നെ എന്നതു നിസ്തർക്കമാണ്. ആം ആദ്മി പാർട്ടിക്ക് ഇത് വൻ ഉണർവായെങ്കിൽ, ആടിയുലഞ്ഞിരുന്ന ഇന്ത്യാമുന്നണിക്ക് ഒരു ലക്ഷ്യവും മുന്നോട്ടുവയ്ക്കാൻ ഒരു ഗ്യാരന്റിയും ഉണ്ടായി. കേജ്‌രിവാളിനെ മുന്നിൽ നിർത്തി പ്രചാരണയുദ്ധം നടത്തുക എന്ന തന്ത്രത്തിലേക്കു മുന്നണി ചുവടുമാറ്റം നടത്തി. ഡൽഹി, പഞ്ചാബ്, ഹരിയാന തുടങ്ങിയ മേഖലകളിൽമാത്രം ഒതുങ്ങേണ്ടിയിരുന്ന അദ്ദേഹം സംസാരഭാഷകൊണ്ടും ശരീരഭാഷകൊണ്ടും ഒരു ദേശീയനേതാവായി സ്വയം അവരോധിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇങ്ങനെ ഒരു അറസ്റ്റും ജയിൽവാസവും ഉണ്ടായിരുന്നില്ലെങ്കിൽ ഇത്രത്തോളം തിരഞ്ഞെടുപ്പുപ്രചാരണങ്ങളിൽ അദ്ദേഹം പങ്കെടുക്കുമായിരുന്നില്ല. ഒരുപക്ഷേ, രാഹുൽ ഗാന്ധിയെപ്പോലും നിഷ്പ്രഭനാക്കി ഇന്ത്യാമുന്നണിയുടെ കപ്പിത്താനായി മാറുകയും ചെയ്യുന്നു.

ഇന്ത്യാമുന്നണിയിൽ ചർച്ച ചെയ്യാതെ മോദി ഗ്യാരന്റിക്കു ബദലായി പത്തു കേജ്‌രിവാൾ ഗ്യാരന്റികൾ ഇടക്കാലജാമ്യത്തിൽ പുറത്തിറങ്ങിയ ദിവസംതന്നെ പ്രഖ്യാപിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് വർത്തമാനകാലരാഷ്ട്രീയത്തിലെ തന്റെ പ്രസക്തി വ്യക്തമായി മനസ്സിലാക്കിയതുകൊണ്ടുതന്നെയാണ്. മുന്നണിയിൽ ആലോചിച്ചില്ല എന്ന് അദ്ദേഹം പരസ്യമായി പറഞ്ഞപ്പോഴും നീരസത്തിന്റെ ഒരു ചെറുകണികപോലും പ്രകടിപ്പിക്കാതെ അതു ശിരസ്സാവഹിക്കാൻമാത്രമേ മുന്നണി നേതാക്കൾക്കു കഴിഞ്ഞുള്ളൂ. അത്രത്തോളം ശക്തനും മുന്നണിയുടെ പ്രചാരണമുഖവുമായി മാറിക്കഴിഞ്ഞിരുന്ന കേജ്‌രിവാൾ മോദിക്കു ബദൽ താൻതന്നെയെന്നു പറയാതെപറയുകയാണു ചെയ്തത്.

ഇന്ത്യാമുന്നണി ഭരണത്തിലേറുമ്പോൾ താനും ഒപ്പം ഉണ്ടാവുമെന്ന ഉറപ്പിനൊപ്പം അദ്ദേഹം നൽകുന്ന ഗ്യാരന്റികളിൽ സൗജന്യനിരക്കിലുള്ള വൈദ്യുതി, ഉയർന്ന നിലവാരത്തിലുള്ള സ്കൂൾവിദ്യാഭ്യാസം, സൗജന്യ കുടിവെള്ളം, സൗജന്യനിരക്കിൽ മികച്ച ചികിത്സ തുടങ്ങി ഒരു സാധാരണക്കാരനു വേണ്ടതെല്ലാം ഉറപ്പുനൽകുന്നു. ഡൽഹിയിലും പഞ്ചാബിലും അതു തെളിയിച്ച വ്യക്തിയാണ് ഇതു പറയുന്നത് എന്നതുകൊണ്ടുതന്നെ ഒരു ദേശീയനേതാവിന്റെ സ്വരത്തിൽ അദ്ദേഹം പറയുന്നത് ജനങ്ങൾ അവിശ്വസിക്കാൻ ഇടയില്ല. വൈദ്യുതി - വിദ്യാഭ്യാസമേഖലകൾക്കായി പത്തുലക്ഷം കോടി രൂപ സമാഹരിക്കേണ്ടിവരും എന്നുകൂടി അദ്ദേഹം വ്യക്തമാക്കിയതും ദേശീയവീക്ഷണത്തിൽ തന്നെയാണ്.

കേജ്‌രിവാളിനെ തടവറയിൽ പൂട്ടാൻ ബിജെപി കാണിച്ച തിടുക്കം അവരുടെ തന്ത്രപരമായ പരാജയമായി മാറി. 'വിനാശകാലേ വിപരീതബുദ്ധി' എന്ന അവസ്ഥയിലാണ് കെജ്‌രിവാൾപ്രശ്നത്തിൽ ബിജെപിയുടെ അവസ്ഥ എന്ന് അവരുടെ ആത്മവിശ്വാസമുടഞ്ഞ നേതാക്കളുടെ സംസാരഭാഷ വ്യക്തമാക്കുന്നു. ഭരണത്തിലിരുന്ന കേജ്‌രിവാളിനെക്കാൾ ശക്തനായി മാറി, ജയിൽ വിട്ടിറങ്ങിയ കേജ്‌രിവാൾ. ജയിൽവാസക്കാലം രാഷ്ട്രീയ തന്ത്രങ്ങൾ ചെത്തിക്കൂർപ്പിക്കാൻ അദ്ദേഹം വിനിയോഗിച്ചു എന്നു നിസ്സംശയം പറയാം. ആരെ, എങ്ങനെ അഭിസംബോധന ചെയ്യണമെന്ന വ്യക്തമായ ബോധ്യത്തിലാണ് അദ്ദേഹം നിലയുറപ്പിച്ചിരിക്കുന്നത്. പുറത്തിറങ്ങിയ ദിനംതന്നെ അദ്ദേഹമുതിർത്ത ആരോപണങ്ങളുടെ അനുരണനങ്ങൾ ബിജെപിക്കുള്ളിലും, മോദി - യോഗി ആരാധകരിലും ആശയക്കുഴപ്പം ഉളവാക്കുമെന്നുറപ്പ്.

എഴുപത്തഞ്ചാം വയസ്സിൽ ഔദ്യോഗികസ്ഥാനങ്ങളിൽനിന്നു വിരമിക്കുക എന്ന പാർട്ടിനയം നരേന്ദ്രമോദിക്കും ബാധകമായതിനാൽ അമിത്ഷായെ പ്രധാനമന്ത്രിയാക്കാനാണ് മോദി വോട്ടു ചോദിക്കുന്നത് എന്നതായിരുന്നു ആദ്യനിറയൊഴിക്കൽ. മുരളി മനോഹർ ജോഷി, എ.ബി വാജ്പേയി, എൽ.കെ. അദ്വാനി തുടങ്ങി ബിജെപിയെ ഭരണത്തിലേറ്റിയ എണ്ണം പറഞ്ഞ നേതാക്കളെ ഉപദേശകസമിതിയംഗം എന്ന സ്റ്റിക്കറൊട്ടിച്ചു വീട്ടിലിരുത്തിയ മോദി - അമിത്ഷാ ദ്വയത്തിനും അതു ബാധകമാകാതെ തരമില്ല. 2025 ൽ എഴുപത്തിയഞ്ചിന്റെ പടി കടക്കുന്ന മോദി സ്ഥാനമൊഴിഞ്ഞാൽ അതു കൈമാറുക അമിത്ഷായ്ക്കല്ലാതെ മറ്റാർക്കുമാവില്ല. ബിജെപിഭരണത്തിൽ അത്ര തൃപ്തരൊന്നുമല്ലാത്ത ഒരു വിഭാഗം അനുഭാവികൾ പക്ഷേ, മോദി ബ്രാൻഡിന്റെ ആരാധകരാണ്. അവരിൽ ആശയക്കുഴപ്പം നിറയ്ക്കുക എന്നതാണ് കേജ്‌രിവാൾതന്ത്രം; ഒപ്പം, ബിജെപി അണികളിലും.



കേജ്‌രിവാളിന്റെ അടുത്ത ഉന്നം ഏറ്റവും കൂടുതൽ ലോകസഭാനിയോജകമണ്ഡലങ്ങളുള്ള ഉത്തർപ്രദേശായിരുന്നു. യോഗി ആദിത്യനാഥിനെ യു.പി മുഖ്യമന്ത്രി സ്ഥാനത്തുനിന്നു നീക്കം ചെയ്യാനുള്ള പദ്ധതികൾ നരേന്ദ്രമോദിയും അമിത്ഷായും ആസൂത്രണം ചെയ്യുന്നു എന്നതായിരുന്നു അത്. ഇവിടെ യോഗിയുടെ അനുയായികളായിരുന്നു കേജ്‌രിവാളിന്റെ ലക്ഷ്യം.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ താരപ്രചാരകനായിരുന്ന യോഗി ആദിത്യനാഥ് ഇത്തവണ പഴയ തിരഞ്ഞെടുപ്പു വീര്യം പ്രകടിപ്പിച്ചില്ല എന്നു മാത്രമല്ല, പ്രചാരണരംഗത്തുനിന്നു വിട്ടുനിൽക്കുകയും ചെയ്തു എന്നത് മോദി - അമിത്ഷാ ദ്വയത്തോള്ള വിയോജിപ്പിന്റെ പ്രകടനമായി കണക്കാക്കപ്പെടുന്നുണ്ട്.

യുപിയിൽ ബിജെപിയുടെ ശക്തിയെ ഇതെങ്ങനെ ബാധിക്കും എന്നറിയാൻ മറ്റു ചിലതുകൂടി മനസ്സിലാക്കണം. ഇരുപത്തിയാറാം വയസ്സിൽ എം.പിയായ, ഖരക്പൂർ നിയോജകമണ്ഡലത്തിൽനിന്ന് അഞ്ചു തവണ വിജയിച്ച, യു.പിയുടെ ചരിത്രത്തിൽ തുടർച്ചയായി രണ്ടുതവണ മുഖ്യമന്ത്രിപദം വഹിച്ച ആദ്യവ്യക്തിയായ യോഗി ആദിത്യനാഥ് എന്ന അമ്പത്തിരണ്ടുകാരൻ ഒരു ബിജെപി സംഘപരിവാർ അനുയായി അല്ല എന്നുമാത്രമല്ല, സ്വന്തമായ ഒരു ഹൈന്ദവവാദത്തിനൊപ്പം നടക്കുന്ന വ്യക്തികൂടിയാണ്. ബിജെപി സ്ഥാനാർഥിയായി മത്സരിച്ചു വിജയിച്ചശേഷവും 'ഹിന്ദു യുവവാഹിനി' എന്ന സംഘടന സ്ഥാപിച്ച അദ്ദേഹം പലതവണ ബിജെപിനേതൃത്വവുമായി ഉരസിയിട്ടുമുണ്ട്. അതേസമയം, കരുത്തനായ യോഗി വൻ അനുയായിവൃന്ദമുള്ള നേതാവുകൂടിയാണ്. അവരെയാണ് കുറുക്കന്റെ കൗശലത്തോടെ കേജ്‌രിവാൾ ഉന്നം വച്ചത്. യോഗിയുടെ ഇത്തവണത്തെ തണുപ്പൻമട്ടാണ് കോൺഗ്രസിന്റെയും സമാജ്‌വാദി പാർട്ടിയുടെയും നേരിയ പ്രതീക്ഷ.

സത്യത്തിൽ, കേജ്‌രിവാളിന്റെ കാര്യത്തിൽ ബിജെപിക്ക് എല്ലാ വശത്തുനിന്നും അടിപതറുകയായിരുന്നു. രാഷ്ട്രീയനേരിടലിനു കഴിയാതെ നേതാക്കളെ വേട്ടയാടി തകർക്കാൻ ശ്രമിക്കുന്നു എന്ന ആരോപണം അരക്കിട്ടുറപ്പിക്കാനിടയായി. മദ്യനയ അഴിമതി ആരോപണത്തിൽ കേജ്‌രിവാൾ ജയിലിൽ അടയ്ക്കപ്പെടുമ്പോൾ, അതേ കേസിൽ നാളുകൾക്കുമുമ്പേ ജയിലിലടയ്ക്കപ്പെട്ട ആം ആദ്മി മന്ത്രി സഞ്ജയ് സിങ് ജയിൽ മോചിതനായതും ഈ കേസിന്റെ അടിസ്ഥാനം സംബന്ധിച്ച് ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. ആരോപണമുന്നയിച്ച് രണ്ടു വർഷമായിട്ടും നിങ്ങൾ എന്തു ചെയ്തുവെന്നും, അഴിമതിയിലൂടെ നേടിയെന്നു പറയപ്പെടുന്ന പണം എവിടെയെന്നും ഇ.ഡിയോടുള്ള കോടതിയുടെ ചോദ്യങ്ങളും, കേസ് അടിസ്ഥാനരഹിതമെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് കേജ്‌രിവാൾ ജാമ്യാപേക്ഷ സമർപ്പിക്കാതിരുന്നതും ഉദ്ദേശിച്ചപോലെ അദ്ദേഹത്തിന്റെ ഹീറോ ഇമേജിന് ആക്കംകൂട്ടി. കേജ്‌രിവാളിനെ കാണാനെത്തുന്ന ആൾക്കൂട്ടം വോട്ടായി മാറുമോ എന്നു കണ്ടറിയണം. എങ്കിലും, പാർട്ടി രൂപീകരിച്ച് ഒരു വർഷത്തിനുള്ളിൽ ഡൽഹിയുടെ ഭരണം പിടിച്ച, തിരഞ്ഞെടുപ്പുപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കാനുള്ളതാണെന്നു ബോധ്യപ്പെടുത്തിയ, പഞ്ചാബും കീഴടക്കിയ അരവിന്ദ് കേജ്‌രിവാൾതന്നെയാണ് ഇപ്പോൾ ബിജെപിയുടെയും മോദിയുടെയും പേടിസ്വപ്നം; ഒപ്പം, ഇന്ത്യാമുന്നണിയുടെ പ്രതീക്ഷയും.

■

നുറുങ്ങുകഥ — ശശീന്ദ്രൻ കെ.സി ചാല

## കഥയില്ലാക്കാലം

അനൂട്ടൻ തൊടിയിലാകെ കളിച്ചുനടന്നു. പൂന്തോട്ടത്തിലെ പൂമ്പാറ്റയ്ക്കൊപ്പം ചാടി. പതുങ്ങിച്ചെന്ന് പൂത്തുമ്പിയുടെ വാലിൽ പിടിച്ചു. അതുകണ്ട് അണ്ണാറക്കണ്ണൻ മൂവാണ്ടൻമാവിൽ തലകീഴായിനിന്ന് ചിൽചിലെന്നു കരഞ്ഞു. അവനതിനെ കല്ലെറിഞ്ഞ് ഓടിച്ചു. മാവിന്റെ മറുപുറം പോയിനിന്ന് അതു വീണ്ടും മേലോട്ടു നോക്കിക്കരഞ്ഞു. വീട്ടുമുറ്റത്തെ പ്ലാവിന്റെ കൊമ്പിൽ കെട്ടിയ ഊഞ്ഞാലിൽ അവൻ ആടി.



അങ്ങനെ കളിച്ചും രസിച്ചും പഠിച്ച് അവൻ പത്താം ക്ലാസ്സിൽ മൊത്തം എ പ്ലസ് വാങ്ങി.

ആനന്ദത്താൽ അച്ഛനവനൊരു മൊബൈൽ ഫോൺ സമ്മാനിച്ചു.

അതോടെ, അവന്റെ കഥയില്ലാക്കാലം ആരംഭിച്ചു.

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn. Govt. V.H.S.S. നു സമീപം
അരുണാപുരം പി.ഒ., പാലാ പൊൻകുന്നം
Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

## DEI Ed ഹിന്ദി ട്രെയിനിങ്

NCTE യുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലനമായ D El Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാപ്രവീൺ കേരളഹിന്ദിപ്രചാരസഭയുടെ സാഹിത്യാചാര്യ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

## HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.



# നന്മ ഹോം നഴ്സിങ്

Reg No. K. 252/2024
സെന്റ് തോമസ് പ്രസിനു സമീപം, പാലാ

ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം | വീട്ടുജോലി | ബേബി കെയർ | പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും ഈ നമ്പറുകളിൽ ബന്ധപ്പെടുക

100 ശതമാനം ഉത്തരവാദിത്വം

PH: 9074248155, 7025092689, 8547743590




അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...

Customer Care No.
04822-262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

## കെട്ടിടനിർമാണത്തിനാവശ്യമായ എല്ലാ സാനിട്ടറി, ഇലക്ട്രിക്കൽ & ഹാർഡ്‌വെയർ ഫിറ്റിങ്ങുകളുടെ വിപുലമായ ശേഖരം




KOHLER | star sanitaryware & bathware | hindware

തുടങ്ങിയ ലോകോത്തര ബ്രാൻഡുകളുടെ ബാത്ത്റൂം ഫിറ്റിങ്ങുകളും, ഉയർന്ന ഗുണമേന്മയും സുരക്ഷയും ഉറപ്പുനൽകുന്ന Finolex | V-GUARD | legrand | HAVELLS | POLYCAB തുടങ്ങിയ ഇലക്ട്രിക്കൽ ഉത്പന്നങ്ങളും മറ്റു പ്രമുഖ ബ്രാൻഡുകളും ഏറ്റവും കുറഞ്ഞ വിലയിൽ ഇവിടെ നിന്നു ലഭിക്കുന്നു.

# PALA ELECTRICALS & BUILDWARES

THODUPUZHA ROAD,
PALA 91884 68107

Deepanalam Weekly

RNI No : 16998/68
Vol. 57 No. 12 Date of Publication 23 May 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# MAR AUGUSTHINOSE COLLEGE

## Ramapuram Bazar P.O. Pala, Kottayam, Kerala - 686 576

Estd. 1995

Affiliated to M G University Kottayam U.G.C. Recognized [2(f)] ISO 9001:2015 Certified NSDC Training Centre ID:130581

Ph: 04822-261440, 8281257911, 9447414876 www.maraugusthinosecollege.org Email: principal@mac.edu.in




### UG PROGRAMMES

- BBA (AICTE) 2 Batches
- BCA (AICTE) 2 Batches
- BSc (Honours) Electronics with Computer Technology
- BSc (Honours) Biotechnology
- BCom (Honours) Co-operation
- BCom (Honours) F&T
- BCom (Honours) Financial Markets
- BA (Honours) English
- BSW (Honours) ** Subjects to approval

### PG PROGRAMMES

- MSc Computer Science
- MSc Electronics
- MSc Biotechnology
- MCom Finance
- MSW Medical & Psychiatry
- MA HRM Human Resource Management
- MA English

16 Value added Courses | 4 P.G. Diploma Programmes | Add on Programmes | Red Hat Acccademy | IIC IEDC & UBA Partners | Modern Gym

**HOSTEL FACILITIES FOR BOYS & GIRLS**

# MARIAN INSTITUTE OF MEDICAL TECHNOLOGY

## MARIAN MEDICAL CENTRE

**BHARAT SEVAK SAMAJ (BSS) National Development Agency Promoted by Govt. of India, New Delhi**

എസ്.എസ്.എൽ.സിയോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള അവിവാഹിതരായ പെൺകുട്ടികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 17–35 years.

COURSES

1. MEDICAL LABORATORY TECHNICIAN (2 Years)
2. PATIENT CARE (1 Year)
3. OPERATION THEATRE TECHNICIAN (1 Year)
4. DIALYSIS TECHNICIAN (1 Year)
5. BSS DIPLOMA IN NATUROPATHY (1 Year)

പഠനത്തോടൊപ്പം ആശുപത്രിയിൽ പരിശീലനവും ജോലിയും ലഭ്യമാണ്



CONTACT NO:
9562586747

**ADMINISTRATOR, MARIAN MEDICAL CENTRE**
**ARUNAPURAM P.O. PIN - 686 574, PALA, KOTTAYAM (DT) KERALA**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org